നം.കെ.എസ്.എ.പി.റ്റി.എ.പി4/905/17 തീയതി: 16.08.2017

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് )*

പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.12.2016 മുതൽ 30.06.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ് , അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പ് കളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത ഓഡിറ്റ് അന്വേഷണകുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ് , ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.07.2017 മുതൽ 17.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ. ജോർജ് പി മാത്യൂ , ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് )<br>ശ്രീ. അരുൺകുമാർ.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി അശ്വതി വി.നായർ, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.ജി .സുനിൽ കുമാർ | 01.04.2016മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ ഹരികുമാർ.വി | 01.04.2016 മുതൽ 16.07.2016വരെ |
| | ശ്രീ. രാജേഷ് കുമാർ ജെ, ഹെഡ് ക്ലർക്ക് | 17.07.2016 മുതൽ 28.09.2016 വരെ<br>(അധികചുമതല) |
| | ശ്രീ. സജീവ് എസ്. | 29.09.2016 മുതൽ 19.12.2016 വരെ |
| | ശ്രീ. എം. ഗോപകുമാർ | 20.12.2016 മുതൽ 31.03.2017 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2016-17
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2016-17
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2016-17

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ- അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം-2 | |
| 12 | രസീതു പരിശോധന- ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തു സൂക്ഷിക്കുന്നില്ല | 2-1 |
| 13 | വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിൽ അപാകതകൾ | 2-2 |
| 14 | തൊഴിൽനികുതി- അപാകതകൾ | 2-3 |
| 15 | ഡി ആന്റ് ഓ ലൈസൻസ്- അപാകതകൾ | 2-4 |

| | | |
|---|---|---|
| 16 | പരസ്യ നികുതി ബൈലോ പരിഷ്കരിച്ചിട്ടില്ല- വരുമാനത്തിൽ കുറവുണ്ടാകുന്നു | 2-5 |
| 17 | ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല | 2-6 |
| | ഭാഗം 3 | |
| 18 | സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അർഹതയില്ലാത്തവർക്ക് ലാപ് ടോപ്പ് നൽകി | 3-1 |
| 19 | സുതാര്യമല്ലാത്ത വാഹനവാടക ട്രിപ്പ് ഷീറ്റ് ഉപയോഗിച്ച് പണം പിൻവലിച്ചു | 3-2 |
| 20 | പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി വാഹനവാടകയ്ക്കായി അധികം തുക ചെലവഴിച്ചു | 3-3 |
| 21 | കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകളും സഹായഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു | 3-4 |
| 22 | ആയുർവ്വേദാശുപത്രിക്ക് മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു | 3-5 |
| 23 | പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് -പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത | 3-6 |
| 24 | കണക്ടഡ് ലോഡിൽ അധികരിക്കുന്നതിനാൽ പഞ്ചായത്ത് ഓഫിസിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ പിഴ അടയ്ക്കേണ്ടി വരുന്നു | 3-7 |
| 25 | റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-8 |
| 26 | ബിൽ തുക പാസ്സാക്കിയതിലും അധികം പിൻവലിച്ചു | 3-9 |
| 27 | പഞ്ചായത്ത് ഓഫീസ് ടോയിലറ്റ് അറ്റകുറ്റപ്പണി-ഫയൽ ഹാജരാക്കിയില്ല | 3-10 |
| 28 | ലെവൽ ഫീൽഡ് ബുക്ക് ഹാജരാക്കിയില്ല-അളവുകളിൽ സുതാര്യതയില്ല | 3-11 |
| 29 | കാരാത്ര കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്- അപാകതകൾ | 3-12 |
| 30 | സ്റ്റേഡിയം സംരക്ഷണപ്രവൃത്തി- അപാകതകൾ | 3-13 |
| 31 | മരാമത്തുപ്രവൃത്തികൾ - ഉത്തരവുകൾ പാലിക്കുന്നില്ല - രേഖകൾ അപൂർണ്ണം | 3-14 |
| 32 | മരാമത്തുപ്രവൃത്തികൾ - ഉത്തരവുകൾ പാലിക്കുന്നില്ല - രേഖകൾ അപൂർണ്ണം | 3-15 |
| 33 | എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല | 3-16 |
| 34 | 2012-13 ൽ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഫണ്ട് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-17 |
| 35 | നിർമ്മൽ പുരസ്കാരതുക നാളിതുവരെ ചെലവഴിച്ചിട്ടില്ല | 3-18 |
| 36 | ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു | 3-19 |
| 37 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല | 3-20 |
| 38 | ആശ്രയ പദ്ധതിക്കായി ലഭിച്ച തുകയിൽ 16.24 ലക്ഷം രൂപ അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്നു | 3-21 |
| | ഭാഗം-4 | |

| | | |
|---|---|---|
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 41 | വായ്പ/വായ്പ തിരിച്ചടവ് | 4-3 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 43` | ഓഡിറ്റ് റിക്കവറി | 4-5 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 09.02.2017-ൽ പുതുക്കിയ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 627171.50 | 2827757 | - | 2200585.50 |
| വരവ് | 53653500.00 | 31246178 | 22407322 | - |
| ആകെ | 54280671.50 | 34073935 | 20206736.50 | - |
| ചെലവ് | 50978500.00 | 29461649 | 2151685 | - |
| നീക്കിയിരിപ്പ് | 3302171.50 | 4612286 | - | 1310114.50 |

മിനിറ്റ്സിൽ ബജറ്റിന്റെ സംക്ഷിപ്തം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വിശദമായ വരവും ചെലവും ഇനം തിരിച്ച് കാണിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15-ാം തീയതിക്കു മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽനിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവു കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് മാർച്ചിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ അംഗീകാരത്തിനായി വയ്ക്കേണ്ടതുമാണ്. പഞ്ചായത്ത് ബഡ്ജറ്റ് നിർദ്ദേശങ്ങൾ പരിഗണിക്കുകയും ബഡ്ജറ്റ് വർഷാരംഭത്തിനുമുമ്പായി പാസ്സാക്കേണ്ടതുമാണ്.

പഞ്ചായത്ത് വർഷാരംഭത്തിനുമുമ്പായി തന്നെ ബഡ്ജറ്റ് പാസ്സാക്കിയിരുന്നുവെങ്കിലും വരും വർഷത്തെ പ്രതീക്ഷിത വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റുകൾ ഓരോ വർഷവും ജനവരി 15-നു മുമ്പായി അതാതു സ്റ്റാന്റിംഗ് കമ്മിറ്റികൾ തയ്യാറാക്കുക, ബഡ്ജറ്റ് മാർച്ച് ആദ്യവാരത്തിനു മുമ്പായി സമർപ്പിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ ഒന്നും പാലിച്ചില്ല. തത്ഫലമായി ബഡ്ജറ്റ് നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ യഥാവിധി ചർച്ച ചെയ്യപ്പെടുകയോ ഗുണദോഷ പരിശോധനയ്ക്ക് വിധേയമാക്കപ്പെടുകയോ ചെയ്യാത്തതുകൊണ്ട് ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ സൂക്ഷ്മമായ പരിശോധന ഒഴിവാക്കപ്പെട്ടു. ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ കൃത്യതയില്ലായ്മയിലേക്ക് കൊണ്ടുചെന്നെത്തിച്ചു. ഇക്കാരണത്താൽ പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത്.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബഡ്ജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 15/05/2017 | 16/06/2017 |

## 1-3 അക്കൗണ്ട് സർട്ടിഫിക്കേഷൻ - അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയും, ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും, രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ-B-4 : ഗുണഭോക്തൃവിഹിതമിനത്തിൽ 25200 രൂപ കാണിച്ചിരിക്കുന്നു. ഇത് മുൻവർഷത്തെ ബാലൻസ് ഷീറ്റിലും ഉൾപ്പെട്ടിരുന്നതാണ്. ഇത് ഏത് പ്രൊജക്ട് പ്രകാരം വരവുവന്ന തുകയാണെന്നും, നാളിതുവരെ ചെലവഴിക്കാതിരുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

2. B-9 : ഇ.പി.എഫ് കോൺട്രിബ്യൂഷൻ എന്നയിനത്തിൽ 4638 രൂപ കാണിച്ചിരിക്കുന്നത് ശരിയല്ല. കോൺട്രിബ്യൂട്ടറി പെൻഷൻ ഇനത്തിൽ ജീവനക്കാരിൽ നിന്നും റിക്കവറി നടത്തിയ 8736 രൂപ പ്രത്യേകം കാണിച്ചിട്ടുണ്ട്. അക്കൗണ്ട്സിലെ അപാകത പരിഹരിക്കേണ്ടതാണ്.

3. B-18 : കെ.എസ്.ഇ.ബി- യിൽ അഡ്വാൻസായി ഡെപ്പോസിറ്റ് ചെയ്ത തുകയായി കാണിച്ചിരിക്കുന്നത് 1743725 രൂപയാണ്. ഇതിൽ, പി.ഡബ്ല്യു.ഡി- യിൽ ഡെപ്പോസിറ്റ് ചെയ്ത 722000രൂപ കൂടി ഉൾപ്പെടുന്നു. പി.ഡബ്ല്യു.ഡി- യിൽ ഡെപ്പോസിറ്റ് ചെയ്ത തുക പ്രത്യേകം കാണിച്ചിട്ടുള്ള സാഹചര്യത്തിൽ 1743725 രൂപ എന്നുള്ളതിൽ മാറ്റം വരുത്തേണ്ടതാണ്.

   കൂടാതെ, നിർവ്വഹണ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് എന്നയിനത്തിൽ 3023 രൂപ കാണിച്ചിരിക്കുന്നത് ഏതിനത്തിലുള്ളതാണെന്ന് വ്യക്തമല്ല (മുൻവർഷവും ബാലൻസ് ഷീറ്റിൽ കാണിച്ചിരുന്നു).

4. I-6 : എൻ.ആർ.ഇ.ജി.എസ്- ആകെ വരവ് ഇ.എഫ്.എം.എസ് തുകയും പലിശയും ഉൾപ്പെടെ യഥാർത്ഥ തുക 8211346 രൂപയാണ്. ആയത് കൃത്യമാക്കേണ്ടതാണ്. RP-31-ൽ അക്കൗണ്ടിലേക്ക് നേരിട്ട് വന്ന കൃത്യമായ തുകയും ചേർക്കണം.

   വാർഷിക കണക്കിലെ അപാകതകൾ പരിഹരിക്കേണ്ടതും മറുപടി ലഭ്യമാക്കേണ്ടതുമാണ്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2827757 |
| വരവ് | 31246178 |
| ആകെ | 34073935 |
| ചെലവ് | 29461649 |
| നീക്കിയിരിപ്പ് | 4612286 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | - | 5428282 | 5428282 | 5025358 | 402924 | 92.6 |
| വികസനഫണ്ട്-എസ്.സി.പി. | - | 1932012 | 1932012 | 1318800 | 613212 | 68.3 |
| വികസനഫണ്ട്-റ്റി.എസ്.പി. | - | 69474 | 69474 | 69000 | 474 | 99.3 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | - | 8948244 | 8948244 | 7402312 | 1545932 | 82.7 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | - | 2554755 | 2554755 | 2543234 | 11521 | 99.5 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 3043591 | 3043591 | 1648250 | 1395341 | 54.2 |
| പെർഫോമൻസ് ഗ്രാന്റ് | 149796 | 1594216 | 1744012 | 128000 | 1616012 | 7.3 |

## 1-6 പദ്ധതി അവലോകനം

(എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 121 | 90 | -- | 31 | 74 |

(ബി) <u>പദ്ധതി നിർവ്വഹണത്തിലെ പോരായ്മകൾ</u>

ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കുന്നില്ല. സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ പദ്ധതി പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ച് തീർക്കുകയും ചെയ്യുന്ന പ്രവണത നിലനിൽക്കുന്നു. മരാമത്തുപ്രവൃത്തികളിൽ ഭൂരിഭാഗം പ്രവർത്തികളും തൻവർഷം പൂർത്തീകരിച്ചിട്ടില്ല. ആയത് നിർവ്വഹണ ഉദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയാണ്. ആകെ അംഗീകാരം ലഭിച്ച 59 പ്രവൃത്തികളിൽ 35 എണ്ണം മാത്രമേ തൻവർഷം പൂർത്തീകരിച്ചിട്ടുള്ളൂ. ഇതിൽ 29 പ്രവൃത്തികളുടേയും ബില്ലുകൾ തയ്യാറാക്കി ട്രഷറിയിൽ നിന്ന് മാറിയത് മാർച്ച് മാസത്തിൽ മാത്രമാണ്.

2) ഗ്രാമപഞ്ചായത്തിലെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായകമായ പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ഗ്രാമപഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പേരിന് മാത്രം കൂടുന്ന വർക്കിംഗ് ഗ്രൂപ്പുകളിൽ പദ്ധതികൾ സംബന്ധിച്ച് ചർച്ചകൾ ഒന്നും നടക്കുന്നില്ലെന്ന് മിനിട്ട്സ് ബുക്കുകൾ വ്യക്തമാകുന്നു. ഓരോ വിഷയമേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും ചർച്ച ചെയ്ത് ആയതിന് അനുസൃതമായി പദ്ധതികൾ ആവിഷ്കരിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല. പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണ സമിതിക്കും നൽകിയിട്ടില്ല.

3) റോഡ് നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ മുഴുവൻ നീളത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തുന്നതിന് പകരം, റോഡുകളെ ചെറിയ ഭാഗങ്ങളാക്കി മുറിച്ച് കോൺക്രീറ്റ്/ടാറിംഗ് നടത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു.

4) പെർഫോമൻസ് ഗ്രാന്റ് ചെലവഴിക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്. തൻവർഷം വെറും 7.3% മാത്രമാണ് ചെലവ്. ആയത് നിർവ്വഹണ ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നുള്ള അലംഭാവം വ്യക്തമാക്കുന്നു.

5) എസ്.സി.പി. പ്രോജക്ടുകളുടെ നിർവ്വഹണവും ഫണ്ട് വിനിയോഗവും കാര്യക്ഷമമാക്കുന്നതിന് നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണമെന്ന പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

6) അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും കൂടെക്കൂടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിന് ഗ്രാമസഭാ അംഗങ്ങളിൽനിന്നും പൊതു സമ്മതരായ 5 പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണമെന്ന മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിച്ചിട്ടില്ല.

7) പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ (പ്രത്യേക ഘടക പദ്ധതി, ദാരിദ്ര്യ നിർമ്മാർജ്ജന ഉപ പദ്ധതി, വനിതാ ഘടക പദ്ധതി, കുട്ടികൾ, വൃദ്ധർ, ഭിന്നശേഷിയുള്ളവർ എന്നിവർക്കുള്ള പ്രത്യേക പദ്ധതി മുതലായവ) അതിന്റെ ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്നതിൽ ഗ്രാമപഞ്ചായത്ത് ശ്രദ്ധപതിപ്പിച്ചിട്ടില്ല.

മേൽ വിവരിച്ച അപാകതകൾ പരിഹരിക്കുന്നതിനും വാർഷിക പദ്ധതി നടത്തിപ്പ് കുറ്റമറ്റതാക്കുന്നതിനുമുള്ള ഫലപ്രദമായ നടപടികൾ ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| മേഖല | അംഗീകരിച്ച പ്രൊജക്ടുകൾ | | നടപ്പിലാക്കിയ പ്രൊജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | ആകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 11 | 2686049 | 11 | 1966832 | 73.2 |
| സേവനം | 57 | 16773504 | 42 | 8574361 | 51.1 |
| പശ്ചാത്തലം | 53 | 13856624 | 37 | 9792799 | 70.67 |
| മേഖലാ വിഭജനത്തിൽപ്പെടാത്തത് | - | - | - | - | - |
| ആകെ | 121 | 33316177 | 90 | 20333992 | 61.03 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 345 | 3085960 |
| വാർദ്ധക്യകാല പെൻഷൻ | 975 | 11192820 |
| വിധവാ പെൻഷൻ | 411 | 3970580 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 22 | 207730 |
| വികലാംഗ പെൻഷൻ | 148 | 1371965 |
| തൊഴിൽ രഹിത വേതനം | 32 | 53880 |

## 1-9 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2045882 | 2991245 | 945363 | (+)46.21 |
| നികുതിയേതര വരവുകൾ | 427334 | 519718 | 92384 | (+)21.62 |

| | | | | |
|---|---|---|---|---|
| മറ്റ് വരവുകൾ | 631582 | 447306 | -184276 | (-)29.17 |
| ആകെ | 3104798 | 3958269 | 853471 | (+)27.49 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.07.2017-ൽ 3.00-പി.എം.ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 3373/- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 03.07.2017 മുതൽ 04.07.2017 വരെ | 2017 മെയ്, ജൂൺ | റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.07.2009 മുതൽ 12.08.2009 വരെ | 01.04.2004 മുതൽ 31.03.2009 വരെ | 14.09.2009 |

# ഭാഗം -2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീതു പരിശോധന- ഉപയോഗിക്കാതെ അവശേഷിക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തു സൂക്ഷിക്കുന്നില്ല

രസീതുബുക്കുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ അവശേഷിച്ച രസീതുകൾ (ഉദാ.61541-ാം നമ്പർ രസീതുബുക്കിലെ 86മുതൽ 100 വരെയുള്ളവ) ക്യാൻസൽ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്യുന്ന രസീതു ബുക്കുകളിൽ സാമ്പത്തിക വർഷാവസാനം ഉപയോഗിക്കാതെ ബാക്കിവരുന്നവ (ഉദാ. 61548-ാം നമ്പർ രസീതുബുക്കിലെ 37 മുതൽ 100 വരെയുള്ളവ) നിർവഹണ ഉദ്യോഗസ്ഥർ ക്യാൻസൽ ചെയ്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുന്ന രസീതു ബുക്കുകൾ ഉപയോഗ ശേഷം തിരികെ വാങ്ങി പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നതിൽ അപാകതകൾ

വാണിജ്യാവശ്യങ്ങൾക്ക് വസ്തുനികുതി നിർണ്ണയിച്ച ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾക്ക് തറനിർമ്മിതി(ടൈൽസ് )യുടെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പരും ഉപയോഗക്രമവും | ഉടമസ്ഥന്റെ പേരും വിലാസവും | തറ വിസ്തീർണ്ണം (ച.മീ) | കെട്ടിടത്തിന് ബാധകമായ അടിസ്ഥാന നികുതിനിരക്ക് (ഒരു ച.മീ. തറ വിസ്തീർണ്ണത്തിന്) | ആകെ ഈടാക്കിയ വസ്തുനികുതി (അടിസ്ഥാന വസ്തുനികുതി+ ആകെ വർദ്ധനവ് -ആകെ ഇളവ് ) |
|---|---|---|---|---|---|
| 1 | 1/402 വാണിജ്യം | ശ്രീ. സഖറിയ ഫിലിപ്പ്, ഗ്രാന്റ് സ്ക്വയർ, അമിച്ചകരി.പി.ഒ | 231.57 | 90 | 20841+6253= 27094 |
| 2 | 1/403 വാണിജ്യം | ശ്രീ. സഖറിയ ഫിലിപ്പ്, ഗ്രാന്റ് സ്ക്വയർ, അമിച്ചകരി.പി.ഒ | 13.13 | 90 | 1182+355= 1537 |
| 3 | 1/404 വാണിജ്യം | ശ്രീ. സഖറിയ ഫിലിപ്പ്, ഗ്രാന്റ് സ്ക്വയർ, അമിച്ചകരി.പി.ഒ | 119.29 | 90 | 10736+2148= 12884 |
| 4 | 1/405 | ശ്രീ. സഖറിയ ഫിലിപ്പ്, ഗ്രാന്റ് സ്ക്വയർ, | 106.13 | 90 | 9551.70+1911- 573=10890 |

| | | | | | |
|---|---|---|---|---|---|
| | വാണിജ്യം | അമിച്ചകരി.പി.ഒ | | | |
| 5 | 1/406<br>വാണിജ്യം | ശ്രീ. സഖറിയ ഫിലിപ്പ്,<br>ഗ്രാന്റ് സ്ക്വയർ,<br>അമിച്ചകരി.പി.ഒ | 64 | 90 | 5760+1152-345=6567 |

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ- ചട്ടം 6, പട്ടിക 6പ്രകാരം തറ നിർമ്മിതിയുടെ അടിസ്ഥാനത്തിലുള്ള 15% നികുതി വർദ്ധന ഈടാക്കാവുന്നതാണ്. ഇപ്രകാരം വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽനികുതി- അപാകതകൾ

(എ)കൃത്യമായ വരുമാനം കണക്കാക്കി ജീവനക്കാരിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്ന സമയത്ത് അവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽ നികുതി ഈടാക്കുകയാണ് ചെയ്തിരിക്കുന്നത്. സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും വരുമാനം സംബന്ധിച്ച് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരമുള്ള റിട്ടേൺ വാങ്ങുന്നില്ല. ആയതിനാൽ നികുതി ഈടാക്കിയതിൽ കുറവുണ്ടാകാനുള്ള സാധ്യതയുണ്ട്. നിലവിലുള്ള നിയമത്തിലും ചട്ടങ്ങളിലും പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സ്ഥാപനങ്ങളിലെ ജീവനക്കാരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി പൂർണ്ണമായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ അധികാരികൾ സ്വീകരിക്കേണ്ടതാണ്.

(ബി) തൊഴിൽനികുതി -ജീവനക്കാർ

താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് 2016-17 സാമ്പത്തികവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1. ത്രിവേണി സൂപ്പർമാർക്കറ്റ് - രണ്ടാം അർദ്ധവർഷം

2. അലൻ ഡക്ക് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് - രണ്ടാം അർദ്ധവർഷം

പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഡി ആന്റ് ഓ ലൈസൻസ്- അപാകതകൾ

(എ) ഡി ആന്റ് ഒ ലൈസൻസ് അപേക്ഷകൾ - സമയക്രമം പാലിക്കപ്പെടുന്നില്ല .

1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കാനുള്ള അപേക്ഷ സാമ്പത്തികവർഷം അവസാനിക്കുന്നതിന് മുപ്പതു ദിവസം മുൻപ് സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നിർദ്ദേശം പാലിക്കപ്പെടുന്നില്ല. ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2016-17 ൽ 187 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ആരും തന്നെ ഈ സമയക്രമം പാലിച്ചിട്ടില്ല. ഇതിൽ നിന്നും 01.04.2016 മുതൽ ലൈസൻസ് എടുക്കുന്നത് വരെ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെയാണ് മിക്ക സ്ഥാപനങ്ങളും പ്രവർത്തിച്ചിരുന്നത് എന്ന് വ്യക്തമാണ്. നിയമത്തിലും ചട്ടങ്ങളിലും നിഷ്കർഷിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സ്ഥാപനങ്ങൾ തൊട്ടടുത്ത വർഷത്തെ ലൈസൻസ് എടുക്കുന്നുണ്ടെന്നും അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്നും പഞ്ചായത്തധികൃതർ ഉറപ്പുവരുത്തേണ്ടതാണ്. സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുൻപ് തന്നെ ലൈസൻസ് പുതുക്കാനുള്ള അപേക്ഷകൾ നൽകാൻ നിർദ്ദേശിക്കേണ്ടതും അല്ലാത്തപക്ഷം 1996-ലെ കേരള പഞ്ചായത്ത് ആക്ട് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം യന്ത്രങ്ങൾ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾക്ക് പിഴപ്പലിശ ഈടാക്കേണ്ടതുമാണ്. വാർഡ്തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി അവയിൽ നിന്നെല്ലാം ലൈസൻസ് ഫീസ് ഈടാക്കാനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രങ്ങൾ ഉപയോഗിക്കുന്നതിന് ഫീസ് ഈടാക്കാമെന്നിരിക്കെ ഇപ്രകാരം യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നുണ്ടെന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ചില സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കിയിട്ടില്ല. (ഉദാ. റിയാൻസ് ഹോംലി ഫുഡ് പ്രൊഡക്ട്സ് - 4.5എച്ച്.പി) യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും മോട്ടോർ ഫീസ് ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

(ബി) റേഷൻ റീട്ടെയിൽ ഡിപ്പോകൾ , ക്ഷീരോല്പാദക സഹകരണ സംഘം എന്നിവ ലൈസൻസ് എടുക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.ecostat.kerala.gov.in -ലെ വിവരം അനുസരിച്ച് പഞ്ചായത്ത് പരിധിയിൽ 8 റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഒന്നുംതന്നെ ലൈസൻസ് എടുത്തിട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന നെടുമ്പ്രം ഈസ്റ്റ് ക്ഷീരോല്പാദക സഹകരണ സംഘവും ലൈസൻസ് എടുത്തിട്ടില്ല. ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 2-5 പരസ്യ നികുതി ബൈലോ പരിഷ്കരിച്ചിട്ടില്ല- വരുമാനത്തിൽ കുറവുണ്ടാകുന്നു

01.04.1993 മുതൽ പ്രാബല്യത്തിലുള്ള പരസ്യ നികുതി ബൈലോയുടെ അടിസ്ഥാനത്തിൽ പരസ്യ നികുതി ഈടാക്കി വരുന്നതിനാൽ ഈയിനത്തിലുള്ള വരുമാനം വളരെ കുറവാണ്. പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം ലേലം ചെയ്തു നൽകുകയാണ് ചെയ്യുന്നത്. 2014-15 മുതലുള്ള വരവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2014-15 | 14500 |
| 2015-16 | 14900 |
| 2016-17 | 15000 |

ടി ബൈലോയിൽ വളരെ തുച്ഛമായ നിരക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉദാഹരണത്തിന് പോസ്റ്ററുകൾ, ഹോൾഡിംഗുകൾ മുതലായവയ്ക്ക് ഒരു മാസത്തേക്ക് ഒരു ചതുരശ്രമീറ്റർ വരെ ചുമത്താവുന്ന നിരക്ക് 50 പൈസ മാത്രമാണ്. ആയതിനാൽ ലേലത്തിൽ പങ്കെടുക്കുന്നവർ കൂടിയ തുക വിളിക്കാനുള്ള സാധ്യത കുറവാണ്.

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോ എന്നിവയുടെ അടിസ്ഥാനത്തിൽ പുതുക്കിയ ബൈലോ തയ്യാറാക്കാൻ പഞ്ചായത്ത് കമ്മിറ്റി 28.02.2017 ലെ 4(7)-ാം നമ്പരായി തീരുമാനം എടുത്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. തിരുവല്ല - കായംകുളം സംസ്ഥാനപാതയുടെ ഏകദേശം 5 കിലോ മീറ്റർ പ്രദേശം ഈ പഞ്ചായത്തിന്റെ ഭാഗമാണ്. കൂടാതെ തിരുവല്ല - അമ്പലപ്പുഴ റോഡും പഞ്ചായത്ത് പരിധിയിൽ കൂടി കടന്നു പോകുന്നുണ്ട്. ഈ റോഡുകളുടെ വശങ്ങളിൽ നന്തിലത്ത് ജി-മാർട്ട്, മഹാലക്ഷ്മി സിൽക്സ്, കുന്നത്ത്കളത്തിൽ ജൂവല്ലേഴ്സ്, കരിക്കിനേത്ത് സിൽക്ക് വില്ലാജിയോ മുതലായ സ്ഥാപനങ്ങളുടെ 50 ചതുരശ്ര മീറ്റർ വരെ വലിപ്പമുള്ള ധാരാളം പരസ്യബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ബോർഡുകളിൽ നിന്നും നല്ലൊരു വരുമാനം ലഭിക്കുവാനുള്ള സാദ്ധ്യത പ്രയോജനപ്പെടുത്തുന്നില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 209-ബി പ്രകാരം പഞ്ചായത്തിന്റെ ലിഖിതാനുവാദം കൂടാതെ ഏതെങ്കിലും പരസ്യം പ്രദർശിപ്പിച്ചിട്ടുള്ള ഭൂമിയുടെയോ കെട്ടിടത്തിന്റെയോ ഉടമസ്ഥനോ അല്ലെങ്കിൽ അത് കൈവശം വയ്ക്കുന്ന ആളോ നിയമലംഘനം നടത്തിയ ആളായി കരുതേണ്ടതാണെന്നും വകുപ്പ് 209-സി പ്രകാരം സെക്രട്ടറിക്ക് രേഖാമൂലമുള്ള നോട്ടീസ് പ്രകാരം ടി ആളോട് പരസ്യം നീക്കം ചെയ്യാൻ ആവശ്യപ്പെടുകയോ അല്ലെങ്കിൽ ആ പരസ്യം നീക്കം ചെയ്യിക്കുവോ ചെയ്യാവുന്നതാണ്. കൂടാതെ അനധികൃതപരസ്യം പ്രദർശിപ്പിച്ചതിന് ഉത്തരവാദിയായ ആൾ അനധികൃതപരസ്യം നീക്കം ചെയ്യുന്നതിനുള്ള ചാർജ് ഗ്രാമപഞ്ചായത്തിന് കൊടുക്കാൻ ബാധ്യസ്ഥനാണ്.

ആയതിനാൽ പരസ്യനികുതി ബൈലോ പുതുക്കി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും അനധികൃതപരസ്യം നീക്കം ചെയ്യുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ നടത്തുന്നില്ല

പഞ്ചായത്തിലെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ പൂർണവിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. തൻമൂലം കെട്ടിടങ്ങളുടെ കൂട്ടിച്ചേർക്കലിനായി നൽകിയ പെർമിറ്റുകളുടെ കാര്യത്തിൽ കംപ്ലീഷൻ പ്ലാൻ സമർപ്പിച്ച് നികുതി പുനർ നിർണ്ണയം നടത്തിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ കഴിയില്ല. രജിസ്റ്ററുകളിൽ കൃത്യമായ രേഖപ്പെടുത്തൽ വരുത്തേണ്ടതും ഓഡിറ്റിൽ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്.

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി അർഹതയില്ലാത്തവർക്ക് ലാപ് ടോപ്പ് നൽകി

| | |
|---|---|
| പ്രോജക്ട് | S.48/17- പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് |
| അടങ്കൽ | രൂ.260000, വികസനഫണ്ട്(എസ്.സി.പി) |
| ചെലവ് തുക | രൂ.239800 |

| | |
|---|---|
| ബിൽ നമ്പർ, തീയതി | 25/14.03.2017- 97000 രൂപ<br>34/22.03.2017- 142800 രൂപ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് എന്ന പ്രോജക്ടിൽ സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി ബിരുദപഠനം കഴിഞ്ഞവർക്കും പാരാമെഡിക്കൽ ഡിപ്ലോമാ വിദ്യാർത്ഥികൾക്കും ലാപ് ടോപ്പ് വിതരണം ചെയ്തു. പദ്ധതി നടത്തിപ്പിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. അർഹതയില്ലാത്തവർക്ക് ലാപ് ടോപ്പ് വിതരണം ചെയ്തു

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് പരിഷ്കരിച്ച മാർഗരേഖ (ജി.ഒ.(എം.എസ്.) നം-04/2016/ ത.സ്വ.ഭ.വ. തീയതി 11.01.2016), ഇതു സംബന്ധിച്ച ഭേദഗതി ഉത്തരവ് നം ജി.ഒ.(എം.എസ്.) നം 2864/16/ത.സ്വ.ഭ.വ. തീയതി 17.08.2016 എന്നിവയ്ക്ക് വിരുദ്ധമായാണ് അർഹതയില്ലാത്ത 5പേർക്ക് ലാപ് ടോപ്പുകൾ വിതരണം ചെയ്തത്. ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വിദ്യാഭ്യാസ യോഗ്യത | കുറിപ്പ് |
|---|---|---|---|
| 1 | ശാല്യമോൾ, തൊണ്ടുപറമ്പിൽ, നെടുമ്പ്രം പി.ഒ വാർഡ് 2 | ബി.എസ്.എസ്. ഡിപ്ലോമാ ഇൻ റേഡിയോളജി & ഇമേജിങ് ടെക്നോളജി | പഠന കാലയളവ് 2014-16, സർട്ടിഫിക്കറ്റ് തീയതി 10.05.2016 |
| 2 | ഗീതുഗോപി, ചെറുമുട്ടത്ത് പറമ്പിൽ, പൊടിയാടി പി.ഒ. വാർഡ്-7 | ഡിപ്ലോമാ ഇൻ ഡയാലിസിസ് ടെക്നോളജി ഒന്നാം വർഷ വിദ്യാർത്ഥി | 24.09.2016 ലെ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ലിസി മെഡിക്കൽ & എജ്യൂക്കേഷണൽ ഇൻസ്റ്റിസ്റ്റ്യൂഷൻ, എറണാകുളം എന്ന സ്ഥാപനത്തിൽ പഠിക്കുന്നു. |
| 3 | ശാരിക എം. കൃഷ്ണൻ, മണപ്പറമ്പിൽ, നെടുമ്പ്രം പി.ഒ. വാർഡ് 2 | ഡിപ്ലോമ ഇൻ മെഡിക്കൽ ലാബോറട്ടറി ടെക്നോളജി | കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം സെന്റ് ജോൺസ് കോളേജ് ഓഫ് പാരാമെഡിക്കൽ സയൻസസ്, കട്ടപ്പന- എന്ന സ്ഥാപനത്തിൽ 2014-16 വർഷം പഠനം പൂർത്തീകരിച്ച് 2016 ഡിസംബറിൽ ഫൈനൽ പരീക്ഷ എഴുതിയിട്ടുള്ളതാണ്. |
| 4 | ശരണ്യ, ഇടയാടിയിൽ, കല്ലുങ്കൽ പി.ഒ, വാർഡ് 9 | ബി.എ.ഫിലോസഫി, എൻ.എസ്.എസ്. ഹിന്ദു കോളേജ്, ചങ്ങനാശ്ശേരി | 19.01.2017 ലെ കോഴ്സ് സർട്ടിഫിക്കറ്റിൽ 2013-16 വർഷം ബിരുദ വിദ്യാർത്ഥിയായിരുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റുമ്പോൾ വിദ്യാർത്ഥിയായിരുന്നില്ല. |
| 5 | അശ്വതി. എം.ദാസ്, മലയിത്ര, കല്ലുങ്കൽ പി.ഒ, വാർഡ് 8 | ബി.എ.ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ. | എം.ജി.യൂണിവേഴ്സിറ്റി പ്രൊവിഷണൽ സർട്ടിഫിക്കറ്റ് നം 312291/24.06.2014 പ്രകാരം 2014 മാർച്ചിൽ ബിരുദ |

| | | | |
|---|---|---|---|
| | | | പഠനം പൂർത്തിയാക്കിയിട്ടുള്ളതാണ്. |

സബ്സിഡി മാർഗരേഖ, അനുബന്ധ സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് വിഷയങ്ങളിൽ പ്രൊഫഷണൽ കോളേജുകളിൽ ബിരുദ/ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾ, ബിരുദ വിദ്യാർത്ഥികൾ, പോളിടെക്നിക്ക് വിദ്യാർത്ഥികൾ എന്നിവർക്ക് മാത്രമാണ് ലാപ് ടോപ്പുകൾ വിതരണം ചെയ്യാൻ അനുമതിയുള്ളത്. മേൽ പട്ടികയിലെ ക്രമ നം 1, 2, 3 എന്നിവർ ഈ വിഭാഗത്തിൽപ്പെട്ട കോഴ്സുകൾ പഠിക്കുന്നവരല്ല. ക്രമ നം 4, 5 എന്നിവർ ബിരുദ പഠനം നേരത്തേതന്നെ പൂർത്തിയാക്കിയവരാണ്.

സാഹചര്യത്തിൽ ഈ 5 പേർക്ക് ലാപ് ടോപ്പ് വിതരണം ചെയ്തത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

2.ഗുണഭോക്താക്കളെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

പദ്ധതിക്കായി ആനുകൂല്യം നൽകിയിട്ടുള്ള മുകളിൽ പറഞ്ഞിരിക്കുന്ന ക്രമ നം 1, 2, 3, 5 എന്നീ 4 പേരും അരുണിമ ഷൈലേന്ദ്രൻ, വാലാട്ട്, പൊടിയാടി (വാർഡ് 5), വിദ്യ വിജയൻ, സുധ നിവാസ്, പൊടിയാടി (വാർഡ് 5) എന്ന 2 പേരും ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരല്ല.

28.02.2012 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം നമ്പർ 1(2) പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, പഠനമുറി എന്നീ പദ്ധതികളിൽ ഗുണഭോക്താക്കളായിട്ടുള്ള ടിയാളുകളെ ലാപ് ടോപ്പ് നൽകുന്നവരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതിന് വി.ഇ.ഒ. യെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയത് ബഹു. ഹൈക്കോടതിയുടെ 4.4.1997-ലെ OP.No. 18175/96-ാം നമ്പർ കേസിന്റെ വിധിന്യായം, ഇൻഡ്യൻ ഭരണഘടന ആർട്ടിക്കിൾ 14 എന്നിവയുടെ ലംഘനമാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്തൃലിസ്റ്റിന് സാധുതയില്ല. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം-8/16-17 തീയതി 14.07.2017) മറുപടിയിൽ മേൽപറഞ്ഞ 5 പേരും നിലവിൽ തുടർവിദ്യാഭ്യാസം നടത്തുന്നവരാണെന്ന് പറഞ്ഞിട്ടുണ്ട്. എങ്കിലും മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൻ 5 ലാപ് ടോപ്പുകളുടെ വിലയായ 119000 രൂപയുടെ ( 23800 x 5) ചെലവ് നിരാകരിക്കുന്നു. ആയത് ഉത്തരവാദിയായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലടവാക്കേണ്ടതാണ്.

## 3-2 സുതാര്യമല്ലാത്ത വാഹനവാടക- ട്രിപ്പ് ഷീറ്റ് ഉപയോഗിച്ച് പണം പിൻവലിച്ചു

| | |
|---|---|
| പ്രോജക്ട് | S.109/17- രോഗപ്രതിരോധ പ്രവർത്തനങ്ങൾ |
| അടങ്കൽ | 15000 (തനത് ഫണ്ട്) |
| ചെലവ് തുക | 15000 |
| വൗച്ചർ നമ്പർ, തീയതി | 21600793/ 14.03.2017 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

പാലിയേറ്റീവ് കെയർ പദ്ധതി, രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്നീ രണ്ട് പദ്ധതികൾക്ക് ഒരേ വാഹനത്തിന്റെ ഒരേ സമയത്തുള്ള ട്രിപ്പ് ഷീറ്റുകൾ ഉപയോഗിച്ച് പണം പിൻവലിച്ചത് സുതാര്യമല്ല.

രോഗപ്രതിരോധ പ്രവർത്തനങ്ങൾ എന്ന പ്രോജക്ടിനായി തനത് ഫണ്ടിൽ നിന്നും 15000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു മാസം രണ്ട് ദിവസം കണക്കിൽ ആകെ 24 ദിവസത്തേക്ക് 625 രൂപ നിരക്കിൽ വാഹനവാടക ഇനത്തിൽ ചെലവഴിച്ച തുകയാണിത്. ചെലവിന് ആധാരമായി കെ.എൽ. 28-9136 എന്ന വാഹനത്തിന്റെ ട്രിപ്പ് ഷീറ്റാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. രാവിലെ 9.30 നും 10.30 നും ഇടയിലുള്ള സമയത്ത് യാത്ര പുറപ്പെട്ട് ഉച്ചയ്ക്ക് ശേഷം 2 മണിക്ക് തിരിച്ചു വരുന്നതായാണ് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

പാലിയേറ്റീവ് കെയർ പദ്ധതിയിലെ ഹോം കെയർ ടീം ഗൃഹസന്ദർശനം നടത്തിയതിന്റെ വാഹനവാടക നൽകിയിരിക്കുന്നതും ഇതേ വാഹനത്തിനാണ്. ആയതു പ്രകാരം രാവിലെ 9.30 മുതൽ വൈകിട്ട് 4.00 വരെ വാഹനവാടക 800 രൂപയും വെയിറ്റിംഗ് ചാർജ് 300 രൂപയും ഉൾപ്പടെ ആകെ 1100 രൂപ ഒരു ദിവസം നൽകിയിട്ടുണ്ട്.

എന്നാൽ പലദിവസങ്ങളിലും രണ്ട് പദ്ധതിക്കുമായി ഒരു വാഹനം തന്നെ ഉപയോഗിച്ചതായി രേഖകൾ ചമച്ചിരിക്കുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | പാലിയേറ്റീവ് കെയർ ഹോം കെയർ | | രോഗപ്രതിരോധ പ്രവർത്തനം | |
|---|---|---|---|---|---|
| ക്രമ നം | തീയതി | യാത്ര പുറപ്പെട്ട സമയം | തിരികെ വന്ന സമയം | യാത്ര പുറപ്പെട്ട സമയം | തിരികെ വന്ന സമയം |
| 1 | 12.05.16 | 9.30 എ.എം. | 4 പി.എം. | 9.30 എ.എം. | 2 പി.എം. |
| 2 | 19.05.16 | 9.30 എ.എം. | 4 പി.എം. | 9.30 എ.എം. | 2 പി.എം. |
| 3 | 16.06.16 | 9.30 എ.എം. | 4 പി.എം. | 10.00 എ.എം. | 2 പി.എം. |
| 4 | 14.07.16 | 9.30 എ.എം. | 4 പി.എം. | 10.00 എ.എം. | 2 പി.എം. |
| 5 | 21.07.16 | 9.30 എ.എം. | 4 പി.എം. | 10.30 എ.എം. | 2 പി.എം. |
| 6 | 07.09.16 | 9.30 എ.എം. | 4 പി.എം. | 10.00 എ.എം. | 2 പി.എം. |
| 7 | 14.10.16 | 9.30 എ.എം. | 4 പി.എം. | 10.00 എ.എം. | 1 പി.എം. |
| 8 | 20.10.16 | 9.30 എ.എം. | 4 പി.എം. | 10.00 എ.എം. | ഇല്ല |
| 9 | 17.11.16 | 9.30 എ.എം. | 4 പി.എം. | 10.30 എ.എം. | ഇല്ല |
| 10 | 24.11.16 | 9.30 എ.എം. | 4 പി.എം. | 10.30 എ.എം. | 2 പി.എം. |
| 11 | 15.12.16 | 9.30 എ.എം. | 4 പി.എം. | 10.30 എ.എം. | ഇല്ല |
| 12 | 16.12.16 | 9.30 എ.എം. | 4 പി.എം. | 10.00 എ.എം. | ഇല്ല |
| 13 | 12.01.17 | 9.30 എ.എം. | 4 പി.എം. | 10.30 എ.എം. | ഇല്ല |
| 14 | 09.03.17 | 9.30 എ.എം. | 4 പി.എം. | 10.00 എ.എം. | ഇല്ല |
| 15 | 16.03.17 | 9.30 എ.എം. | 4 പി.എം. | 10.05 എ.എം. | ഇല്ല |

ഹോംകെയർ പരിചരണത്തിനായി വാഹനം ഉപയോഗിച്ചതിന് വാടകയും വെയിറ്റിംഗ് ചാർജും നൽകിയ അതേ സമയം തന്നെ രോഗപ്രതിരോധ പ്രവർത്തനത്തിന് ഇതേ വാഹനം ഉപയോഗിച്ചതായുള്ള രേഖകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 09/16-17 തീയതി 15-07-2017) നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മേൽപറഞ്ഞിട്ടുള്ള 15 ദിവസം 625 രൂപ നിരക്കിൽ തനത്ഫണ്ടിൽ നിന്നും നൽകിയ 9375 രൂപയുടെ ചെലവ് നിരാകരിക്കുന്നു. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

കൂടാതെ രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കായി തനത്ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ആയതിനാൽ നിരാകരിച്ച തുക കഴിച്ചുള്ള ബാക്കി തുക 5625 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി വാഹനവാടകയ്ക്കായി അധികം തുക ചെലവഴിച്ചു

| | |
|---|---|
| പ്രോജക്ട് | S.108/17- സാന്ത്വനം പരിചരണപദ്ധതി |
| അടങ്കൽ | 340000 (വികസനഫണ്ട്) |

| | |
|---|---|
| | 500000 (ജില്ലാ പഞ്ചായത്ത് വിഹിതം)<br><br>200000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| ചെലവ് തുക | 324963 (വികസനഫണ്ട്)<br><br>500000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

പാലിയേറ്റീവ് കെയർ പദ്ധതിമാർഗരേഖയ്ക്ക് വിരുദ്ധമായി 52800 രൂപ വാഹനവാടക ഇനത്തിൽ അധികമായി ചെലവഴിച്ചിട്ടുണ്ട്. ഹോം കെയർ ടീമിന്റെ യാത്രയ്ക്ക് പ്രതിദിനവാടക 800 രൂപയും വെയിറ്റിംഗ് ചാർജായി 300 രൂപയും ചെലവിട്ടിട്ടുണ്ട്. ഹാജരാക്കിയ ട്രിപ്പ് ഷീറ്റുകളുടെ പകർപ്പുകൾ പ്രകാരം ഹോംകെയറിനായി ഒരു ദിവസം 15 കിലോമീറ്ററിനും 25 കിലോമീറ്ററിനും ഇടയിലുള്ള ദൂരമാണ് വാഹനം ഓടിയിട്ടുള്ളത്. പാലിയേറ്റീവ് പരിചരണ മാർഗരേഖ ( ജി.ഒ.(ആർ.ടി.) 3217/2015 ത.സ്വ.ഭ.വ. തീയതി 29.10.2015) ഖണ്ഡിക 2.6.5 പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുമ്പോൾ 15-24 കിലോമീറ്റർ വരെയുള്ള യാത്രക്ക് നൽകാവുന്ന പരമാവധി പ്രതിദിന വാടക 800 രൂപ മാത്രമാണ്. എന്നാൽ ഇതിനു പുറമേ 300 രൂപ വീതം വെയിറ്റിംഗ് ചാർജായി നൽകിയിട്ടുണ്ട്. തൻവർഷം ഈയിനത്തിൽ 176 ദിവസത്തേക്ക് ആകെ 52800 രൂപ അധികമായി നൽകിയിട്ടുണ്ട്. ചെലവിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നം/ വൗച്ചർ നം, തീയതി | ആകെ ബിൽ തുക | വാഹനവാടക ഇനത്തിൽ നൽകിയ തുക (800+300 നിരക്കിൽ) | അനുവദനീയമായ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 01/16-17, 16.12.2016 | 217000 | 110000 | 80000 | 30000 |
| 2 | 2/16-17, 10.02.2017 | 56300 | 30800 | 22400 | 8400 |
| 3 | 3/16-17, 31600 | 31600 | 17600 | 12800 | 4800 |
| 4 | 21600931, 31.03.2017 | 500000 | 35200 | 25600 | 9600 |
| ആകെ അധികം നൽകിയ തുക | | | | | 52800 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 09/16-17 തീയതി 15-07-2017) ലഭ്യമാക്കിയ മറുപടിയിൽ മാർഗരേഖയിൽ 15-24 കിലോമീറ്റർ വരെയുള്ള യാത്രക്ക് നൽകാവുന്ന പരമാവധി തുക 800 രൂപയും വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 50 രൂപ നിരക്കിൽ പരമാവധി 300 രൂപയുമാണെന്നാണ് പറഞ്ഞിട്ടുള്ളത്. എന്നാൽ പദ്ധതിമാർഗരേഖയിലെ ഖണ്ഡിക 2.6.5 ൽ 15-24 കി.മീ.ന് നൽകാവുന്ന പരമാവധി ദിവസ വാടക 800 രൂപ മാത്രമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതോടൊപ്പം ചേർത്തിട്ടുള്ള കുറിപ്പിൽ 1000 സി.സി.യിൽ താഴെയുള്ള മോട്ടോർകാറിന് ഗതാഗതവകുപ്പ് അംഗീകരിച്ച നിരക്ക് കിലോമീറ്ററിന് 12 രൂപയും വെയിറ്റിംഗ് ചാർജ് മണിക്കൂറിന് 50 രൂപയുമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇത് വാഹനം ഓടുന്ന കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ വാടക നൽകുമ്പോൾ നൽകാവുന്ന നിരക്കാണ്. ഇവിടെ ഒരു ദിവസത്തെ വാടകയ്ക്കാണ് വാഹനം എടുത്തിട്ടുള്ളത് എന്നതിനാൽ വെയിറ്റിംഗ് ചാർജിനത്തിൽ നൽകിയ 52800 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസറിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിലടവാക്കേണ്ടതാണ്.

## 3-4 കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകളും സഹായഉപകരണങ്ങളും ലഭിക്കാൻ അവശേഷിക്കുന്നു

2016-17-ൽ രണ്ട് പ്രോജക്ടുകൾക്കായി കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകളും സഹായ ഉപകരണങ്ങളും വാങ്ങുന്നതിനായി പ്രൊഫോർമ ഇൻവോയിസ് പ്രകാരമുള്ള തുക സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

(എ) പാലിയേറ്റീവ് കെയർ

| ക്രമ നം | ഇൻവോയിസ് നം, തീയതി | തുക | തുക പിൻവലിച്ച ബിൽ നം/ വൗച്ചർ നം, തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | പി.ആർ.എഫ്.3524/ 14.03.17 | 231428 | 21600931/ 31.03.17 | ജില്ലാ പഞ്ചായത്ത് വിഹിതം |
| 2 | പി.ആർ.എഫ്.3524/ 14.03.17 | 177562 | 21600931/ 31.03.17 | ജില്ലാ പഞ്ചായത്ത് വിഹിതം |
| | ആകെ | 409080 | | |

(ബി) പി.എച്ച്.സി.ക്ക് മരുന്നും ഉപകരണങ്ങളും

| ക്രമ നം | ഇൻവോയിസ് നം, തീയതി | തുക | തുക പിൻവലിച്ച ബിൽ നം/ വൗച്ചർ നം, തീയതി | ഫണ്ടിനം |
|---|---|---|---|---|
| 1 | പി.ആർ.എഫ്.3135/ 03.03.17 | 50000 | 06/16-17, 25.03.17 | റോഡിതര സംരക്ഷണ ഗ്രാന്റ് |

പാലിയേറ്റിവ് കെയർ രോഗികൾക്കാവശ്യമായ 8 വീൽചെയറുകളും 15 എയർബെഡുകളും 5 വാട്ടർബെഡുകളും ഉൾപ്പെടെയുള്ള ഉപകരണങ്ങളും മരുന്നുകളുമാണ് ലഭിക്കാനുള്ളത്. മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 ആയുർവ്വേദാശുപത്രിക്ക് മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി രണ്ട് പ്രോജക്ടുകളിലായി ആയുർവ്വേദാശുപത്രിക്ക് മരുന്നുകൾ വാങ്ങുന്നതിനായി ആകെ 2 ലക്ഷം രൂപ ഔഷധിക്ക് നൽകിയിട്ടുണ്ട്. ആയതിൽ 71178 രൂപയുടെ മരുന്നുകൾ ലഭിക്കാൻ ബാക്കിയുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | ഫണ്ടിനം | ഔഷധിക്ക് നൽകിയ തുക | ലഭിച്ച മരുന്നുകളുടെ വില | ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വില |
|---|---|---|---|---|
| 28/17- ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ | റോഡിതര സംരക്ഷണ ഗ്രാന്റ് | 150000 | 102866 | 47134 |
| 144/17- വൃദ്ധർക്ക് ആയുർവ്വേദ മരുന്ന് വാങ്ങൽ | വികസനഫണ്ട് | 50000 | 25956 | 24044 |

മരുന്നുകൾ ലഭ്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-6 പൊതുടാപ്പുകളുടെ വെള്ളക്കരം അടവ് -പഞ്ചായത്തിന് ലക്ഷങ്ങളുടെ ബാധ്യത

2016-17വർഷം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 98 പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ വാർഷിക ഡിമാന്റ് തുകയുടെ ഇരട്ടിയിലേറെ ഒടുക്കേണ്ടിവന്നിട്ടും നിലവിൽ 20 ലക്ഷത്തിലധികം രൂപ കുടിശികയായി നിൽക്കുന്നു. 2012-13 മുതൽ ഒടുക്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തുക |
|---|---|
| 2012-13 | 410289 |
| 2013-14 | 899891 |
| 2014-15 | 1818500 |
| 2015-16 | 993414 |

| | |
|---|---|
| 2016-17 | 962795 |

98 ടാപ്പുകൾക്ക് നിലവിലെ വാർഷിക നിരക്കായ 5250 രൂപ പ്രകാരം ഓരോ മാസവും 42875 രൂപ പ്രകാരം ഒരു വർഷം 514500 രൂപ മാത്രം ഒടുക്കേണ്ട സ്ഥാനത്താണ് ഇത്തരത്തിൽ കൂടുതൽ തുക ഒടുക്കിവരുന്നത്. ഓരോ മാസവും തൻമാസ ഡിമാൻഡിനൊപ്പം മുൻമാസം ഒടുക്കേണ്ട തുകയും ഫൈനും കൂടി ചേർത്ത തുകയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കേണ്ടത്. തനത് വരുമാനത്തിന്റെ കുറവു മൂലം വെള്ളക്കരം കൃത്യമായി ഒടുക്കാത്തതിനാൽ ഫൈൻതുക കൂടിവരുന്നതിനാൽ യഥാർത്ഥ ഡിമാൻഡിനേക്കാൾ കൂടുതൽ തുക ഒടുക്കേണ്ടി വരുന്നു. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നുമാണ് വെള്ളക്കരം ഒടുക്കുന്നത്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട തുക ഇത്തരത്തിൽ ചെലവാകുന്നത് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേകിച്ച് ധനകാര്യ സ്ഥിരംസമിതിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വാട്ടർ അതോറിറ്റിയുമായി ബന്ധപ്പെട്ട് നിലവിലുള്ള ഫൈൻ ഒഴിവാക്കി വെള്ളക്കരം അടവ് കൃത്യമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കണക്റ്റഡ് ലോഡിൽ അധികരിക്കുന്നതിനാൽ പഞ്ചായത്ത് ഓഫിസിന്റെ വൈദ്യുതി ചാർജ്ജിനത്തിൽ പിഴ അടയ്ക്കേണ്ടി വരുന്നു

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കണക്റ്റഡ് ലോഡിൽ അധികരിച്ച് വൈദ്യുതി ഉപഭോഗം ഉള്ളതിനാൽ വൈദ്യുതി ചാർജിനത്തിൽ പെനാൽറ്റി ഒടുക്കേണ്ടിവരുന്നു. 2016-17 വർഷം പെനാൽറ്റി ഇനത്തിൽ മാത്രം 40150 രൂപ പഞ്ചായത്തിന് ഒടുക്കേണ്ടി വന്നിട്ടുണ്ട്. തനത് വരുമാനം കുറവുള്ള പഞ്ചായത്തിൽ ഇത്തരത്തിൽ ചെലവുണ്ടാകുന്നത് നിയന്ത്രിക്കുന്നതിൽ അധികൃതരുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. കെ.എസ്.ഇ.ബി അധികൃതരുമായി ബന്ധപ്പെട്ട് ഈയിനത്തിലുള്ള അധികചെലവ് ഒഴിവാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 റോഡ് മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ തുക സമയബന്ധിതമായി ചെലവഴിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് കഴിഞ്ഞിട്ടില്ല. 1545932 രൂപ ചെലവഴിക്കാതെ ലാപ്സായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി നിർവ്വഹണത്തിന് ലഭ്യമായ തുക | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|
| 8948244 | 7402312 | 1545932 | 82.7 |

മെയിന്റനൻസ് ഗ്രാന്റ് റോഡ് ഫണ്ട് വകയിരുത്തി തൻവർഷം 9508244 രൂപയുടെ പ്രൊജക്ടുകൾ ആവിഷ്കരിച്ചിരുന്നുവെങ്കിലും 8948244രൂപ മാത്രമേ അലോട്ട്മെന്റ് ലഭിച്ചിരുന്നുള്ളൂ. 2016-17വർഷം ആകെ 59 പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും ഇതിൽ 24 പ്രവൃത്തികൾ നിർവ്വഹിച്ചില്ല. ഗ്രാമപഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന സർക്കാർ ഗ്രാന്റ് സമയബന്ധിതമായി ചെലവഴിക്കാതെ ലാപ്സാക്കിയത് നിർവ്വഹണഉദ്യോഗസ്ഥയുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. റോഡ് ആസ്തികളുടെ സംരക്ഷണത്തിന് ലഭിച്ച ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിലുണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഫണ്ട് വിനിയോഗം കാര്യക്ഷമവും സമയബന്ധിതവും ആക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 ബിൽ തുക പാസ്സാക്കിയതിലും അധികം പിൻവലിച്ചു

താഴെ പറയുന്ന മരാമത്തുപ്രവൃത്തികളിൽ, പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് അസി.എക്സി. എഞ്ചിനീയർ പാസ്സാക്കി നൽകിയതിലും അധിക തുക അസി. എഞ്ചിനീയർ ട്രഷറിയിൽ നിന്നും പിൻവലിച്ച് കൺവീനർമാർക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

1. കൈപ്പഞ്ചാലിൽ പടി- ചിറയിൽ ഉരുത്തുംതറമേൽ പടി റോഡ് മെയിന്റനൻസ്

| | |
|---|---|
| പ്രൊജക്ട് നം. | S.99/17 |
| അടങ്കൽ തുക | രൂ.466000 |
| കൺവീനർ | ജോൺ എബ്രഹാം, തൈക്കടവിൽ |

| | |
|---|---|
| ചെലവുവിവരം | ബിൽ നം.8/13.3.17- രൂ.465565 |

അസിസ്റ്റന്റ് എഞ്ചിനീയർ മെഷർമെന്റ് രേഖപ്പെടുത്തിയ എം.ബുക്ക പ്രകാരം പ്രവൃത്തിമൂല്യം 465565രൂപയായിരുന്നവെങ്കിലും മണ്ണ് ഫില്ലിംഗിലെ ഷ്രിംങ്കേജ് 5%-ന പകരം 10% ആക്കി മാറ്റിയാണ് പുളിക്കീഴ് അസി.എക്സി.എഞ്ചിനീയർ ബില്ല് പാസ്സാക്കിയത്. ഇപ്രകാരം ബിൽ തുക 461416 രൂപയാണ് പാസ്സാക്കി നൽകിയതെങ്കിലും, ട്രഷറിയിൽ നിന്നും 465565 രൂപ പിൻവലിച്ചു. അധികമായി പിൻവലിച്ച 4149 രൂപ തിരിച്ചടയ്ക്കേണ്ടതാണ്.

2. കർണ്ണശ്ശേരി- വെള്ളൂർക്കടവ് റോഡ് പുനരുദ്ധാരണം.

| | |
|---|---|
| പ്രൊജക്ട് നം. | S.98/17 |
| അടങ്കൽ തുക | രൂ.200000 |
| കൺവീനർ | ശിവദാസൻ, ശ്രീവല്ലഭസദനം |
| ചെലവുവിവരം | ബിൽ നം.6/23.2.17- രൂ.199447 |

ഈ പ്രവൃത്തിയിൽ, എം.ബുക്ക പ്രകാരം പ്രവൃത്തിമൂല്യം 199447രൂപയായിരുന്നവെങ്കിലും മണ്ണ് ഫില്ലിംഗിലെ ഷ്രിംങ്കേജ് 5%-ന പകരം 10% ആക്കി മാറ്റിയാണ് പുളിക്കീഴ് അസി.എക്സി.എഞ്ചിനീയർ ബില്ല് പാസ്സാക്കിയത്. ഇപ്രകാരം ബിൽ തുക 193471രൂപയാണ് പാസ്സാക്കി നൽകിയതെങ്കിലും, ട്രഷറിയിൽ നിന്നും 199447രൂപ പിൻവലിച്ചു. അധികമായി പിൻവലിച്ച 5976രൂപ തിരിച്ചടയ്ക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം. 12/17.7.2017) അസി. എഞ്ചിനീയർ മറുപടി നൽകിയിട്ടില്ല.

മേൽപറഞ്ഞ തുകകൾ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും ഈടാക്കി ഒടുക്കാത്തപക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ഒടുക്കവരുത്തേണ്ടതാണ്.

## 3-10 പഞ്ചായത്ത് ഓഫീസ് ടോയ്‌ലറ്റ് അറ്റകുറ്റപ്പണി- ഫയൽ ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നം. | SO.09/17 |
| അടങ്കൽ തുക | 242000 രൂപ |
| കൺവീനർ | അരുൺകുമാർ |
| ചെലവുവിവരം | ബിൽ നം.32/30.3.17- രൂ.128000<br>ബിൽ നം.34/30.3.17- രൂ. 22000<br>150000 |

പ്രസ്തുത പ്രവൃത്തിയുടെ എം.ബുക്ക് മാത്രമാണ് ഓഡിറ്റിൽ ഹാജരാക്കിയത്. ഫയൽ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. വർക്ക് ബില്ല്, എഗ്രിമെന്റുകൾ, ഉണഭോക്തൃസമിതി കൂടിയതിന്റെ രേഖകൾ, ജോയിന്റ് അക്കൗണ്ടിന്റെ പാസ്ബുക്ക്, വൗച്ചറുകൾ, നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ, മസ്റ്റർറോൾ മുതലായവ ഹാജരാക്കാത്തത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയാണ്. രേഖകൾ ഹാജരാക്കാതിരുന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നവെങ്കിലും (നം. 10/17.7.2017) മറുപടിയോ രേഖകളോ ഓഡിറ്റിൽ ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാതിരുന്നതിനാൽ കേരളാ പഞ്ചായത്ത് രാജ് ചട്ടം 12 (1) (2) പ്രകാരം പ്രസ്തുത രേഖകൾ നിലവിലില്ല എന്ന് പരിഗണിക്കാവുന്നതാണ്. രേഖകൾ ഹാജരാക്കുന്നതുവരേയ്ക്കും ചെലവു തുക തടസ്സപ്പെടുത്തുന്നു. രേഖകൾ അടിയന്തിരമായി ലഭ്യമാക്കാത്ത പക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിക്കുന്നതാണ്.

## 3-11 ലെവൽ ഫീൽഡ് ബുക്ക് ഹാജരാക്കിയില്ല- അളവുകളിൽ സുതാര്യതയില്ല

അസി. എഞ്ചിനീയർ നിർവ്വഹിച്ച താഴെ പറയുന്ന മരാമത്തു പ്രവൃത്തികളിൽ 300 ഘനമീറ്ററിനു മുകളിൽ മണ്ണ് ഫില്ലിംഗ് നടത്തിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | കൺവീനർ, എം.ബുക്ക് നം. | ബിൽ നം., തീയതി | മണ്ണിന്റെ അളവ് | നൽകിയ തുക |
|---|---|---|---|---|---|
| 1 | S.75/17- രേവതിപ്പടി പുതുശ്ശേരി പടി റോഡ് കോൺക്രീറ്റിംഗ്. | ശ്രീ. മണിക്കുട്ടൻ, അമ്പിട്ടംപറമ്പ്. നം.29/15-16 | നം.5/23.2.17 രൂ.494148 | 390.56m$^3$ ലിമിറ്റ് ചെയ്ത് 387.20m$^3$ | 164769 |
| 2 | S.65/17- മാർത്തോമ്മാ പള്ളി പടി- തോട്ടയ്ക്കാട്ട് മടയ്ക്കപ്പടി റോഡ് പുനരുദ്ധാരണം. | ശ്രീ. രാജു തോമസ്, പനമൂട്ടിൽ പറമ്പിൽ. നം.101/16-17 | 38/30.3.17- രൂ.201068 | 501m$^3$ (-)5% ടേപ്പ് മെഷർമെന്റ് = 475.95m$^3$ | 202536 |
| ആകെ | | | | | 367305 |

സർക്കുലർ നം.760/M3/87/PW&T തീയതി 17.2.1987 പ്രകാരം 300 ഘനമീറ്ററിൽ കൂടുതൽ വരുന്ന മൺപണിയുടെ അളവുകൾ ലെവൽ മെഷർമെന്റ് ആയി എടുക്കണം. ഒന്നാമത്തെ പ്രവൃത്തിയിൽ എം.ബുക്കിൽ "ലെവൽ ഫീൽഡ് ബുക്ക് നം.1/16-17പ്രകാരം" എന്ന് എഴുതിയിട്ടുണ്ടെങ്കിലും, ഫീൽഡ് ബുക്ക് ഫയലിനോടൊപ്പം ഹാജരാക്കിയില്ല. മാത്രവുമല്ല, ഫയലിൽ ഉൾപ്പെടുത്തിയിരിക്കുന്ന വൗച്ചർ പ്രകാരം ആകെ 387m$^3$ മണ്ണ് മാത്രമേ സൈറ്റിൽ ഇറക്കിയിട്ടുമുള്ളൂ. പല പ്രവൃത്തികളിലും മണ്ണിന്റെ ഷ്രിങ്കേജ് കുറവ് ചെയ്തിട്ടുണ്ടെങ്കിലും ഈ പ്രവൃത്തിയിൽ ഷ്രിങ്കേജ് കുറവ് ചെയ്തിട്ടില്ല. ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ടു ചെയ്ത് 7ദിവസത്തിനു ശേഷം മാത്രമേ മൺപണി ആരംഭിക്കാവൂ എന്ന നിബന്ധനയും പാലിച്ചിട്ടില്ല. രണ്ടു പ്രവൃത്തികളുടേയും വിവരം ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ടു ചെയ്തിട്ടില്ല.

രണ്ടാമത്തെ പ്രവൃത്തിയിൽ ലെവൽ മെഷർമെന്റ് എടുത്തതായും യാതൊരു രേഖയുമില്ല. ടേപ്പ് മെഷർമെന്റ് എടുത്തതായാണ് എം.ബുക്കിൽ എഴുതിയിരിക്കുന്നത്. മാത്രവുമല്ല, ചീഫ് എഞ്ചിനീയറുടെ 13.8.80-ലെ CE(B&R)65482/77-നമ്പർ സർക്കുലർ പ്രകാരം ടേപ്പ് മെഷർമെന്റ് എടുക്കുമ്പോൾ 10% കുറവുചെയ്യണം എന്ന നിബന്ധന രണ്ടാമത്തെ പ്രവൃത്തിയിൽ പാലിച്ചിട്ടുമില്ല. കൺസോളിഡേഷൻ നടത്തിയതായി എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. പ്രസ്തുത പ്രവൃത്തിയിലെ അപ്പന്റിക്സ്-ബി പ്രകാരമുള്ള പ്രവൃത്തിയായ ക്വാറി മക്ക് ഫില്ലിംഗ് നടത്തിയിട്ടില്ല. മണ്ണ് ഇറക്കിയതിന്റെ ബില്ലുകളോ മസ്റ്റർറോളോ ഹാജരാക്കിയിട്ടുമില്ല. ടേപ്പ് മെഷർമെന്റിൽ 10% കുറവ് ചെയ്താൽ 501m$^3$ (-) 50.1m$^3$ = 450.9m$^3$ ന് @ 425.5/m$^3$ = 191858 രൂപ മാത്രമാണ് അനുവദനീയം. അധികമായി നൽകിയ 10678/- രൂപ (202536 – 191858) നിരാകരിക്കുന്നു. മേൽപറഞ്ഞ കാരണങ്ങളാൽ 367305രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-12 കാരാത്ര കമ്മ്യൂണിറ്റി ഹാൾ മെയിന്റനൻസ്- അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S.53/17 |
| അടങ്കൽ തുക | രൂ.279000 |
| കൺവീനർ | സജീവ്കുമാർ.കെ.പി, കൊട്ടക്കാട്ടുപറമ്പിൽ |
| ചെലവുവിവരം | ബിൽ നം.30/30.3.17- 254000രൂപ |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ പറയുന്നു.

1) കെട്ടിട നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികളിൽ കേന്ദ്ര സർക്കാരിലേക്ക് ഒടുക്കേണ്ടതായ സർവീസ് ടാക്സ്, വർക്ക് ബില്ലിൽ നിന്നും കുറവുചെയ്യുകയോ സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്തിട്ടില്ല. മെയിന്റനൻസ് പ്രവൃത്തികളിൽ 10.5% ഇതിനായി എസ്റ്റിമേറ്റിൽ വകയിരുത്തി ബില്ലുകളിൽ നിന്നും കുറവുചെയ്ത് ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ ഈ പ്രവൃത്തിയിൽ സർവീസ് ടാക്സ് കണക്കാക്കുകയോ തുക സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തിമൂല്യമായ 2,54,445രൂപയുടെ 10.5% ആയ 26717രൂപ സർവീസ് ടാക്സ് ആയി സർക്കാരിലേക്ക് ഒടുക്കേണ്ടിയിരുന്നു. പ്രൊജക്ട് പൂർത്തിയാക്കുകയും സാമ്പത്തികവർഷം കഴിയുകയും ചെയ്ത സാഹചര്യത്തിൽ പ്രസ്തുത പ്രൊജക്ടിന്റെ അടങ്കൽ തുകയിൽ നിന്ന് സർവീസ് ടാക്സ് ഒടുക്കാൻ സാധിക്കാത്തതിനാൽ, സർക്കാരിനുണ്ടായ നഷ്ടം ഉത്തരവാദിയായ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കി ഒടുക്കേണ്ടതാണ്.

2) കൺവീനർ ഹാജരാക്കിയ രേഖകളെല്ലാം തന്നെ വ്യാജമാണ്. വെള്ള പേപ്പറിൽ എഴുതിയുണ്ടാക്കിയ വൗച്ചറുകളും തൊഴിലാളികൾ ഒപ്പിടാത്ത മസ്റ്റർറോളും ഇതിന് തെളിവാണ്. പി.വി.സി സീലിംഗ് നടത്തിയതിന് അരുൺ എന്ന വ്യക്തിയ്ക്ക് 132500രൂപയും, ഇന്റർലോക്കിംഗ് ടൈൽസ് ഇട്ടതിന് സുരേന്ദ്രൻ പിള്ള എന്ന വ്യക്തിയ്ക്ക് 97500രൂപയും നൽകിയതായി കൈപ്പറ്റുരസീത് തയ്യാറാക്കി ഇട്ടിരിക്കുന്നു. എന്നാൽ ഇതിനാവശ്യമായ നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ ഒരു കാഷ്ബില്ലു പോലുമില്ല. കൂടാതെ 25000 രൂപയുടെ മണ്ണ് ഇറക്കിയതായി

വെള്ളപേപ്പറിൽ ഒരു വൗച്ചർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതിൽ വാഹനനമ്പർ പോലും എഴുതിയിട്ടില്ല. ട്രിപ്പ് ഷീറ്റും ഇല്ല. 4തൊഴിലാളികൾ 2ദിവസം ജോലി ചെയ്തതായി ഒരു മസ്റ്റർറോളിൽ എഴുതിയിട്ടുണ്ടെങ്കിലും ആരും ഒപ്പിട്ടിട്ടില്ല. വൗച്ചറുകളും മസ്റ്റർറോളും കൺവീനറോ അസിസ്റ്റന്റ് എഞ്ചിനീയറോ അസി.എക്സി.എഞ്ചിനീയറോ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. വ്യാജരേഖകൾ ചമയ്ക്കുന്നത് IPC സെക്ഷൻ 415, 420 എന്നിവ പ്രകാരം ക്രിമിനൽ കുറ്റമാണ്. ആയതിനാൽ ടി വിഷയം സംബന്ധിച്ച് വിശദമായ അന്വേഷണം ഓഡിറ്റിൽ ശുപാർശ ചെയ്യുന്നു.

3) ഇന്റർലോക്കിംഗ് ടൈൽസ് പലഭാഗത്തും ഇളകിയിരിക്കുന്നതായി ഭൗതിക പരിശോധനയിൽ കണ്ടു. പ്രവൃത്തി ഗുണനിലവാരമില്ല എന്ന് വ്യക്തമാണ്. പ്രവൃത്തിയിൽ സൂപ്പർവിഷൻ നടത്തേണ്ടതായ ഓവർസിയറും പ്രവൃത്തി പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ട അസിസ്റ്റന്റ് എഞ്ചിനീയറും തങ്ങളുടെ ചുമതലയിൽ ഗുരുതരമായ വീഴ്ച വരുത്തിയിട്ടുണ്ട്.



ഇടിഞ്ഞു താണ ഇന്റർലോക്കിംഗ് ടൈൽസ്

മേൽപറഞ്ഞ കാരണങ്ങളാൽ ചെലവുതുക 254000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൺവീനറിൽ നിന്നും ഒറിജിനൽ ബില്ലുകൾ ലഭ്യമാക്കി ഓഡിറ്റിൽ ഹാജരാക്കേണ്ടതും പ്രവൃത്തിയിലെ ഗുണനിലവാരമില്ലായ്മ കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതുമാണ്.

## 3-13 സ്റ്റേഡിയം സംരക്ഷണപ്രവൃത്തി- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | S.59/17 |
| അടങ്കൽ തുക | രൂ.200000 |
| കൺവീനർ | രതീഷ്.ആർ.സി, ചിറയമാലിൽ |
| ചെലവുവിവരം | ബിൽ നം.33/30.3.17- 156321രൂപ |

പ്രൊജക്റ്റിന്റെ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) എസ്റ്റിമേറ്റ്, എസ്റ്റിമേറ്റ് റിപ്പോർട്ട്, പ്രൊജക്റ്റിന്റെ പകർപ്പ് എന്നിവ ഫയലിലില്ല. ആയതിനാൽ പ്രവൃത്തിയിൽ എന്തെല്ലാം ഇനങ്ങൾ ഉൾപ്പെടുത്തിയാണ് അംഗീകാരം വാങ്ങിയതെന്ന് വ്യക്തമാകുന്നില്ല. ഇനം-10, 11 എന്നിവ ചെയ്തില്ല എന്ന് എം.ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇവ ഏതെല്ലാം ഇനങ്ങളാണെന്ന് എസ്റ്റിമേറ്റിന്റെ അഭാവത്തിൽ അറിയാൻ സാധിച്ചിട്ടില്ല. എസ്റ്റിമേറ്റും എസ്റ്റിമേറ്റ് റിപ്പോർട്ടും ഫയലിൽ സൂക്ഷിക്കാത്തത് ദുരൂഹമാണ്.

2) കൺവീനർ ഹാജരാക്കിയ 108044രൂപയുടെ വൗച്ചറുകൾ മാത്രമാണ് ഫയലിലുള്ളത്. ഇതുതന്നെ ആധികാരികമല്ല. പ്രവൃത്തിയിൽ ഉപയോഗിച്ചതായി പറയുന്ന മണ്ണ് വാങ്ങി ഇറക്കിയതായി രേഖയില്ല. മസ്റ്റർ റോളും ഇല്ല. വരവുചെലവു കണക്ക് ഗുണഭോക്തൃസമിതി യോഗത്തിൽ അവതരിപ്പിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. കമ്മറ്റി, കൺവീനർ, ചെയർമാൻ എന്നിവരെ തെരഞ്ഞെടുത്തതായി എഴുതിയിരിക്കുന്ന ഗുണഭോക്തൃസമിതിയോഗം ഏതു തീയതിയിൽ, എവിടെ വെച്ച് കൂടി എന്നുപോലും വ്യക്തമാക്കിയിട്ടില്ല.

മേൽപറഞ്ഞ അപാകതകൾ ഓഡിറ്റിൽ ഗൗരവമായി വീക്ഷിക്കുന്നു. അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അലംഭാവം വ്യക്തമാകുന്ന സാഹചര്യത്തിൽ, പ്രസ്തുത പ്രൊജക്റ്റിനായി ചെലവഴിച്ച തുക (156321രൂപ) ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

## 3-14 മരാമത്തുപ്രവൃത്തികൾ - ഉത്തരവുകൾ പാലിക്കുന്നില്ല - രേഖകൾ അപൂർണ്ണം

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം 13-ൽ ഗുണഭോക്തൃസമിതി മുഖേന പണികൾ നടത്തുന്നതിനായുള്ള നടപടി ക്രമങ്ങൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. കൂടാതെ 04.03.13-ലെ തദ്ദേശഭരണ വകുപ്പിന്റെ സർക്കുലർ

നം.1047/ഡി.എ.1/ 13/തസ്വഭവ പ്രകാരം ഗുണഭോക്തൃസമിതികൾ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾ കർശനമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ 13.03.13-ലെ സർക്കുലർ നം. HD/EE/LSGD/12/13 പ്രകാരം ടി വിഷയം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ അസി.എഞ്ചിനീയർമാർക്കും നൽകിയിരുന്നു. എന്നാൽ പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളും, സർക്കാർ നിർദ്ദേശങ്ങളും പാടെ അവഗണിച്ചാണ് ഗുണഭോക്തൃസമിതികൾ മുഖാന്തിരം മരാമത്ത് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. 2016-17വർഷത്തെ എല്ലാ മരാമത്തുപ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖേനയാണ് നിർവ്വഹിച്ചത്.

പൊതുമരാമത്ത് പണി നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം-13(6) പ്രകാരം പൊതുമരാമത്ത് പണിക്കുപയോഗിക്കുന്ന സാധനങ്ങളുടെ തരവും, അളവും, വിലയും തൊഴിലാളികളുടെ എണ്ണവും, കൂലിയും മറ്റു ബന്ധപ്പെട്ട കണക്കുകളും ഗുണഭോക്തൃ സമിതിയുടെ കൺവീനർ എഴുതി സൂക്ഷിക്കേണ്ടതും പണി പൂർത്തിയാകുന്ന മുറയ്ക്ക് നിർവ്വഹണഉദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതുമാണ്. 13.03.13-ലെ എൽ.എസ്.ജി.ഡി. എക്സി.എഞ്ചിനീയറുടെ സർക്കുലർ പ്രകാരം ഗുണഭോക്തൃസമിതി കൺവീനർമാർ വർക്ക് ബില്ലുകൾ സമർപ്പിക്കുമ്പോൾ പ്രവൃത്തിക്ക് ഉപയോഗിച്ച എല്ലാ സാധന സാമഗ്രികളുടെയും കാഷ് ബില്ലിൽ അസി.എഞ്ചിനീയർ നിർബന്ധമായും ക്വാളിറ്റി സർട്ടിഫൈ ചെയ്യേണ്ടതും, ബന്ധപ്പെട്ട അസി. എക്സി. എഞ്ചിനീയർ മേലൊപ്പിടേണ്ടതും നിർബന്ധമാണ്. മസ്റ്റർ റോൾ കൺവീനർ ഒപ്പിടേണ്ടതും, അസി.എഞ്ചിനീയറും, അസി.എക്സി.എഞ്ചിനീയറും മേലൊപ്പിടേണ്ടതുമാണ്. എല്ലാ കാഷ് ബില്ലിലും കൺവീനർ 'Paid by me' എന്ന് എഴുതി ഒപ്പിടേണ്ടതാണ്. അല്ലാതെ സമർപ്പിക്കുന്ന ബില്ലുകളുടെ ഉത്തരവാദിത്വം അസി.എഞ്ചിനീയർ, അസി.എക്സി.എഞ്ചിനീയർ എന്നിവർക്കായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഗുണഭോക്തൃസമിതിയുടെ ചെയർമാനും, കൺവീനറും അംഗങ്ങളും പ്രോജക്റ്റിൽ പറഞ്ഞിട്ടുള്ള ഗുണഭോക്തൃ പ്രദേശത്തെ നിവാസികൾതന്നെ ആയിരിക്കണമെന്നും ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണമെന്നും പദ്ധതി നിർവ്വഹണമാർഗ്ഗരേഖയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ടി വ്യവസ്ഥകൾ ഒന്നും ഗ്രാമപഞ്ചായത്തിലെ കൺവീനർ പ്രവൃത്തികളുടെ കാര്യത്തിൽ പാലിച്ചിട്ടില്ല. കൺവീനർമാർ ഹാജരാക്കിയിട്ടുള്ള ചെലവ് കണക്കുകളും, മസ്റ്റർ റോളും, ക്യാഷ് ബില്ലുകളും സുതാര്യതയില്ലാത്തതാണ്. നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ കാഷ് ബില്ലുകൾ, സംയുക്ത അക്കൗണ്ടിന്റെ പാസ് ബുക്ക് മുതലായവ ഫയലുകളിൽ ഉൾപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റുകൾ പൂർണ്ണമായി എഴുതാതെയും ഗുണഭോക്തൃകമ്മറ്റി അംഗങ്ങൾ ഒപ്പിടാതെയും കാണുന്നു. വരവ്-ചെലവു കണക്കുകൾ ഗുണഭോക്തൃകമ്മറ്റി യോഗത്തിൽ അവതരിപ്പിച്ച് പാസ്സാക്കുകയും ചെയ്തിട്ടില്ല എന്ന് ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇവയെല്ലാം തന്നെ നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുമുള്ള ഗുരുതരമായ വീഴ്ചയാണ്. പ്രസ്തുത അപാകതകൾ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശിച്ചിരുന്നുവെങ്കിലും അപാകതകൾ ഇപ്പോഴും ആവർത്തിക്കുന്നത് ഓഡിറ്റിൽ ഗൗരവത്തോടെ വീക്ഷിക്കുന്നു.

വിവിധ മരാമത്തുപ്രവൃത്തികളുടെ ഫയലുകളിൽ കാണപ്പെട്ട അപാകതകൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി, കൺവീനർ | എം.ബുക്ക്, ബിൽ നം.,തീയതി | അപാകത |
|---|---|---|---|
| 1 | S.55/17-കൃഷിഭവന് ചുറ്റുമതിൽ നിർമ്മാണം.<br>(വി.കെ.കുര്യൻ, പയ്യങ്കേരിൽ) | നം.121/16-17<br>ബിൽ നം.36/30.3.17-രൂ.201126 | 39800രൂപയുടെ വൗച്ചറുകൾ മാത്രമേ കൺവീനർ ഹാജരാക്കിയുള്ളൂ. ആയത് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുമില്ല. (തടസ്സം-161326രൂപ) |
| 2 | SO.7/17-മട്ടശ്ശേരിപ്പടി മടമുരിപ്പിൽ പടി റോഡ് കോൺക്രീറ്റിംഗ്.<br>(എം.കെ.രാഘവൻ, മടമുരിപ്പിൽ) | നം.232/15-16<br>ബിൽ നം.1/7.9.16-രൂ.479308 | 341500രൂപയുടെ വൗച്ചറുകൾ മാത്രമേ കൺവീനർ ഹാജരാക്കിയുള്ളൂ. ആയത് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുമില്ല. മണ്ണ്, മക്ക് എന്നിവയുടെ അളവുകളോ വാഹനത്തിന്റെ നമ്പരോ വൗച്ചറിൽ എഴുതിയിട്ടില്ല. (തടസ്സം- 137808രൂപ) |
| 3 | S.83/17-കാരാത്ര | നം.106/16-17 | 32000രൂപയുടെ മസ്റ്റർ റോളിൽ |

| | | | |
|---|---|---|---|
| | കോളനി പൂങ്കൊമ്പിൽ പടി നടപ്പാത കോൺക്രീറ്റിംഗ് | ബിൽ നം.10/29.3.17-രൂ.298438 | തൊഴിലാളികളുടെ ഒപ്പില്ല.<br>(തടസ്സം- 32000രൂപ) |
| 4 | S.84/17-അഞ്ചുപറപ്പടി പീടികപ്പറമ്പ് നടവഴി കോൺക്രീറ്റിംഗ് | നം.144/16-17<br>ബിൽ നം.14/29.3.17-രൂ.269731 | 29100രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഒപ്പില്ല.<br>(തടസ്സം- 29100രൂപ) |
| 5 | S.91/17-പുത്തൻപുരപ്പടി മാർത്തോമ്മാപ്പള്ളി സെമിത്തേരി റോഡ് കോൺക്രീറ്റിംഗ് | നം.108/17<br>ബിൽ നം.13/29.3.17-രൂ.329079 | 31100രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഒപ്പില്ല.<br>(തടസ്സം- 31100രൂപ) |
| 6 | S.106/17-ഗുരുമന്ദിരം കറ്റിപറമ്പിൽ റോഡ് മെയിന്റനൻസ് | നം.122/16-17<br>ബിൽ നം.20/29.3.17-രൂ.153932 | 74800രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഒപ്പില്ല.<br>(തടസ്സം- 74800രൂപ) |
| 7 | S.08/17-വാളഞ്ചേരി റോഡ് പുനരുദ്ധാരണം | നം.230/15-16<br>ബിൽ നം.29/30.3.17-രൂ.59344 | 9000രൂപയുടെ മസ്റ്റർ റോളിൽ തൊഴിലാളികളുടെ ഒപ്പില്ല. മണ്ണ്, മക്ക് എന്നിവ ഇറക്കിയതിന് 50000രൂപയുടെ കൈപ്പറ്റു രസീത് മാത്രം. സാധനത്തിന്റെ അളവ്, വണ്ടി നമ്പർ, തുക കൈപ്പറ്റിയയാളിന്റെ പേര്, വിലാസം എന്നിവയില്ല. (തടസ്സം- 59344രൂപ) |
| 8 | S.72/17-പുത്തൻമഠം വൈകുണ്ഠപ്പടി റോഡ് പുനരുദ്ധാരണം | നം.73/16-17<br>ബിൽ നം.27/30.3.17-രൂ.272353 | 74750രൂപയുടെ മസ്റ്റർറോളും 36983രൂപയ്ക്ക് സിമന്റ് വാങ്ങിയതിന്റെ ബില്ലും മാത്രമാണുള്ളത്. ആകെ 111733രൂപയുടെ രേഖകൾ മാത്രം. (തടസ്സം- 160620രൂപ) |

| | |
|---|---|
| ആകെ തടസ്സപ്പെടുത്തിയ തുക | 686098 രൂപ |

കൃത്യമായ രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച മേൽപറഞ്ഞ തുകകൾ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു. കൃത്യവും ആധികാരികവുമായ രേഖകൾ ഓഡിറ്റിൽ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-15 മൃഗാശുപത്രിയ്ക്ക് അടിസ്ഥാനസൗകര്യമൊരുക്കൽ പ്രവൃത്തി- അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | SO.7/17(S.100/16) |
| അടങ്കൽ തുക | രൂ.498000 |
| കൺവീനർ | തങ്കപ്പൻ, രേഖാലയം |
| ചെലവുവിവരം | ബിൽ തീയതി 30.3.16- രൂ.191751<br>ബിൽ നം.31/30.3.17 – രൂ.212951 |

പ്രവൃത്തിയുടെ ഫയൽ പരിശോധിച്ചതിൽ നിന്നും ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1) ഗുണഭോക്തൃസമിതി കൂടിയ തീയതി ഒരു രേഖയിലും പരാമർശിച്ചിട്ടില്ല. യോഗനോട്ടീസ് തീയതിവെച്ച് പരസ്യപ്പെടുത്തിയിട്ടില്ല. എഗ്രിമെന്റുകളിൽ യാതൊരു വിവരവും രേഖപ്പെടുത്താതെ അപൂർണ്ണമാണ്. പ്രവൃത്തിയുടെ 8-ാം ഇനമായി 0.50mm+0.05% കനമുള്ള ജി.ഐ പ്രൊഫൈൽ ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ 0.35mm കനമുള്ള ഷീറ്റാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് ഭൗതികപരിശോധനയിൽ വ്യക്തമായി. ആയത് ഗുരുതരമായ ക്രമക്കേടാണ്.

2) മുകൾ നിലയിലേക്ക് കയറാനായി സ്ഥാപിച്ച സ്റ്റെയർകേസിന്റെ കമ്പികളും മറ്റും ഗുണനിലവാരം കുറഞ്ഞതും ബലം കുറഞ്ഞതുമാണെന്ന് ഭൗതികപരിശോധനയിൽ ബോധ്യപ്പെട്ടു. റൂഫിംഗിനുപയോഗിച്ച റെക്റ്റാങ്കുലർ പൈപ്പുകളിലെ പെയിന്റ് ഇളകിയ നിലയിലാണ്. സ്ഥാപിച്ചിട്ട് അധികനാളുകൾ ആയില്ലെങ്കിലും ഇപ്പോൾ തന്നെ സ്റ്റെയർകേസ് തുരുമ്പെടുത്ത അവസ്ഥയിലാണ്. സ്റ്റെയർകേസിന് റൂഫിംഗ് നൽകിയില്ല എന്നത് നിർമ്മാണത്തിലെ അപാകതയാണ്. എസ്റ്റിമേറ്റിൽ ഇതിന് പ്രത്യേക പ്രൊവിഷൻ നൽകാതിരുന്നത് അസിസ്റ്റന്റ് എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള പിഴവ് വ്യക്തമാക്കുന്നു.




ഗുണനിലവാരം കുറഞ്ഞ പ്രവൃത്തികൾ

പ്രവൃത്തിയിൽ ഗുണനിലവാരം കുറഞ്ഞ സാധനങ്ങൾ ഉപയോഗിക്കുക വഴി കൺവീനറും അസി.എഞ്ചിനീയറും പൊതുപണം ദുരുപയോഗം ചെയ്തിരിക്കുകയാണ്. അപാകതകൾ കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ പരിഹരിച്ച് ഓഡിറ്റിൽ അറിയിക്കാത്തപക്ഷം ചെലവുതുക നിരാകരിച്ച് അസി. എഞ്ചീനീയറിൽ നിന്നും ഈടാക്കാൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. തൽക്കാലം ചെലവുതുക (404702 രൂപ) തടസ്സത്തിൽ വയ്ക്കുന്നു.

## 3-16 എഗ്രിമെന്റ് വെച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തികരിക്കുന്നില്ല- നിർവ്വഹണ ഉദ്യോഗസ്ഥയുടെ അനാസ്ഥ

2016-17വർഷം സ്പിൽഓവർ പദ്ധതികൾ ഉൾപ്പെടെ അംഗീകാരം ലഭിച്ച ആകെ 59 പ്രവൃത്തികളിൽ 24 മരാമത്തുപ്രവൃത്തികൾ തൻവർഷം പൂർത്തീകരിച്ചിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററിൽ വിവരങ്ങൾ അപൂർണ്ണമായതിനാൽ തൻവർഷം എത്ര പ്രവൃത്തികളിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടെന്ന് വ്യക്തമല്ല. എഗ്രിമെന്റ് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം, എഗ്രിമെന്റ് വെച്ചതിൽ തൻവർഷം പൂർത്തികരിക്കാത്ത പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രവൃത്തി | കൺവീനർ/ കരാറുകാരൻ | എഗ്രിമെന്റ് തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | S.69/17-കാവിൽപടി ചാത്തങ്കേരിപ്പടി റോഡ് മെയിന്റനൻസ് | ശ്രീമതി. ആഷാ സുരേഷ് | 27.12.16 |
| 2 | S.95/17-ശ്രീവല്ലഭസദനം ലക്ഷ്മിസദനം റോഡ് കോൺക്രീറ്റിംഗ് | ശ്രീമതി. ഇന്ദു.ജി.നായർ | 21.10.16 |
| 3 | S.122/17-മാധവസദനം ചിറയിൽ ഇരുത്തിൽ തറയിൽ പടി റോഡ് ടാറിംഗ് | ശ്രീ. മോൻസൺ ഐസക് | 31.3.17 |
| 4 | S.145/17-ഇഞ്ചക്കാട്ടുപടി പട്ടമനപ്പടി റോഡ് കോൺക്രീറ്റിംഗ് | ശ്രീ. കൃഷ്ണകുമാർ | 29.12.16 |

കൺവീനർക്ക്/കരാറുകാർക്ക് നോട്ടീസ് നൽകുകയോ, തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ബാക്കിയുള്ള പ്രവൃത്തികളിൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടോയെന്ന പോലും വ്യക്തമല്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാഞ്ഞത് ശരിയായ നടപടിയല്ല. യഥാസമയം ഗുണഭോക്തൃസമിതികൾ വിളിച്ചുകൂട്ടാത്തതും, എഗ്രിമെന്റ് വയ്ക്കാൻ കാലതാമസം വരുത്തുന്നതും, എഗ്രിമെന്റിൽ പൂർത്തീകരണകാലാവധി കൃത്യമായി രേഖപ്പെടുത്താത്തതും, കാലതാമസത്തിന് ഫൈൻ ഈടാക്കാത്തതുമെല്ലാം ഇതിന് കാരണമാണ്. നിർവ്വഹണ ഉദ്യോഗസ്ഥയുടെ ഭാഗത്തുനിന്നുമുള്ള അനാസ്ഥ ഇക്കാര്യത്തിൽ വ്യക്തമാണ്. ആയതിനാൽ വരും വർഷങ്ങളിൽ നടപടിക്രമങ്ങൾ യഥാസമയം കൃത്യമായി പാലിക്കുന്നതിനും, എഗ്രിമെന്റിൽ പൂർത്തീകരണ കാലാവധി കൃത്യമായി രേഖപ്പെടുത്തുന്നതിനും, പൂർത്തീകരണ വേളയിൽ കേരള പി.ഡബ്ല്യൂ.ഡി. മാന്വൽ സെക്ഷൻ 212 പ്രകാരം കാലതാമസത്തിന് ഫൈൻ ഈടാക്കുന്നതിനും അസി.എഞ്ചിനീയർ ശ്രദ്ധിക്കേണ്ടതാണ്. മേൽ പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-17 2012-13 ൽ ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഫണ്ട് തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2012-13 വർഷം S0134/13കുടുംബശ്രീ യൂണിറ്റുകൾക്ക് ശിങ്കാരിമേളം പരിശീലനവും ഉപകരണങ്ങൾ വാങ്ങലും എന്ന പ്രോജക്ടിനായി പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 30.03.2013 ൽ (567513 നം ഡി.ഡി.) 125000 രൂപ പഞ്ചായത്തിന് ലഭിച്ചിരുന്നു. എന്നാൽ ടി തുക നാളിതുവരെ ചെലവഴിക്കാതെ തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വികസന ഫണ്ട് പഞ്ചായത്തിന്റെ തനത് ഫണ്ടിൽ സൂക്ഷിക്കുന്നതിന് വ്യവസ്ഥയില്ല. പ്രസ്തുത തുക എത്രയും വേഗം സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-18 നിർമ്മൽ പുരസ്കാരതുക നാളിതുവരെ ചെലവഴിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന് 01.02.2010 ൽ 538945/24.12.2009 നമ്പർ ഡി.ഡി. പ്രകാരം സമ്പൂർണ്ണ ശുചിത്വ യജ്ഞം പത്തനംതിട്ട ജില്ലാ കോ-ഓർഡിനേറ്ററിൽ നിന്നും ലഭിച്ച 5 ലക്ഷം രൂപ നാളിതു വരെയും ചെലവഴിച്ചിട്ടില്ല. ടി തുക 3 ലക്ഷം, 2ലക്ഷം എന്നീ തുകകളുടെ സ്ഥിരനിക്ഷേപമായി നെടുമ്പ്രം സർവ്വീസ് സഹകരണ ബാങ്കിൽ 29.03.10 ൽ നിക്ഷേപിച്ചിരുന്നു. ആയത് പലിശ സഹിതം പുതുക്കി വരുന്നുമുണ്ട്.

| സ്ഥിരനിക്ഷേപ നം/ തീയതി | തുക | ഏറ്റവും ഒടുവിലായി പുതുക്കിയ തീയതി | സ്ഥിരനിക്ഷേപ നം/ തീയതി | തുക |
|---|---|---|---|---|
| 1771/29.03.2010 | 200000 | 12.09.2016 | 423/12.09.2016 | 348887 |
| 1772/29.03.2010 | 300000 | 12.09.2016 | 424/12.09.2016 | 523337 |
| ആകെ | 500000 | | | 872224 |

ടി തുക ചെലവഴിക്കുന്നതിന് 2016-17 ൽ 600000 രൂപ വകയിരുത്തി പൊതുശൗചാലയം നിർമ്മിക്കുക (നം S0058/17) എന്ന പ്രോജക്ട് ആവിഷ്കരിച്ചിരുന്നെങ്കിലും നടപ്പാക്കിയിട്ടില്ല. ടി തുക മാതൃകാപരമായി ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 ശുചിത്വ മിഷനിൽ നിന്നും ലഭിച്ച തുകകൾ ചെലവഴിക്കാനവശേഷിക്കുന്നു

മുൻവർഷങ്ങളിൽ വിവിധ പദ്ധതികൾക്കായി ശുചിത്വ മിഷനിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിച്ച തുകകൾ പൂർണ്ണമായി ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ലഭിച്ച തുക | ചെലവഴിച്ച തുക | | ബാക്കി തുക |
|---|---|---|---|---|
| ഖരമാലിന്യ സംസ്കരണം | 864450 | 2013-14 | 169626 | 499722 |
| | | 2014-15 | 149502 | |
| | | 2016-17 | 45600 | |
| | | ആകെ | 364728 | |

## 3-20 ഡെപ്പോസിറ്റ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല

തൻവർഷം വിവിധ ഏജൻസികളിൽ വിവിധ പ്രവർത്തികൾക്കായി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതികളുടെ പൂർത്തീകരണവിവരം ലഭ്യമല്ല. ഏജൻസികളുമായി എഗ്രിമെന്റ് വെച്ചിട്ടുമില്ല. ആയതിനാൽ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്ന് ഉറപ്പില്ല.

| നിർവ്വഹണ ഏജൻസി | പ്രോജക്റ്റ് നം./ പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് ചെയ്ത തുക | ചെക്ക്/ഡി.ഡി./ ചലാൻ നം | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 44/17- തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 156000 | 21600809/ 17.03.17 | പൂർത്തീകരിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി | 133/17- വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ | 4674 | 21600829/ 17.03.17 | പൂർത്തീകരിച്ചിട്ടില്ല |
| | | 703591 | 21600828/ 17.03.17 | |
| | | 157460 | 21600854/ 24.03.17 | |
| പി.ഡബ്ല്യ.ഡി | 17/17- ഗ്രാമപഞ്ചായത്ത് ഓഫീസ് റീവയറിംഗം ത്രീഫേസ് വയറിംഗം | 378000 | 136611/ 05.01.17 | പൂർത്തീകരിച്ചിട്ടില്ല |
| പി.ഡബ്ല്യ.ഡി | 114/17- ആയുർവ്വേദ ആശുപത്രി സമുച്ചയം വയറിംഗ് | 244000 | 136613/ 05.01.17 | പൂർത്തീകരിച്ചിട്ടില്ല |
| പി.ഡബ്ല്യ.ഡി | 116/17- ഹോമിയോ ആശുപത്രി റീവയറിംഗ് | 100000 | 136614/ 05.01.17 | പൂർത്തീകരിച്ചിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | 144/17- 12 ാം വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 40000 | 21600896/ 30.03.17 | പൂർത്തീകരിച്ചിട്ടില്ല |

മേൽ പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തികളിൽ ഏജൻസികളുമായി നിർബന്ധമായും കരാർ ചമയ്ക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 3-21 ആശ്രയ പദ്ധതിക്കായി ലഭിച്ച തുകയിൽ 16.24 ലക്ഷം രൂപ അക്കൗണ്ടിൽ ചെലവഴിക്കാൻ അവശേഷിക്കുന്നു

ഗ്രാമപഞ്ചായത്തിൽ നിലവിൽ 2 ആശ്രയ പദ്ധതികളാണുള്ളത്. ഒന്നാംഘട്ട പദ്ധതിയിൽ 55 പേരും രണ്ടാംഘട്ട പദ്ധതിയിൽ 78 പേരും ഗുണഭോക്താക്കളായുണ്ട്. ഭക്ഷണവിതരണം, പഠനോപകരണ വിതരണം, ഭവന പുനരുദ്ധാരണം എന്നിവയ്ക്കായി തുക ചെലവഴിക്കുന്നുണ്ട്. എങ്കിലും ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടപ്പിലാക്കി പദ്ധതി തുക സമയബന്ധിതമായി ചെലവഴിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ 1624365 രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു. ആശ്രയ ഗുണഭോക്താക്കളിൽ ഭവനം, ഭവനപുനരുദ്ധാരണം എന്നിവ ആവശ്യമുള്ളവർ നിലവിലുമുണ്ട്. ആയതിനാൽ പദ്ധതി നടത്തിപ്പിൽ ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 500000 | സാന്ത്വന പരിചരണ പദ്ധതി | 500000 | 0 |
| പുളിക്കീഴ് ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 160000 | ഭവനനിർമ്മാണം-പട്ടികവർഗ്ഗം | 150000 | 10000 |
| പുളിക്കീഴ് ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 50000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 49240 | 760 |
| പുളിക്കീഴ് ബ്ളോക്ക് പഞ്ചായത്ത് | 2016-17 | 50000 | ക്ഷീരകർഷകർക്ക് സബ്സിഡി | 50000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

വിശദാംശങ്ങൾ ഖണ്ഡിക3-20 ആയി ചേർത്തിട്ടുള്ളത് കാണുക.

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

### 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ഇല്ല | | | | | |

### 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 804436 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 67738 |
| ആകെ | 872224 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 872224 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നെടുമ്പ്രം സർവ്വീസ് സഹകരണബാങ്ക്-എഫ്.ഡി.നം-423/12.09.2016 | 348887 |
| നെടുമ്പ്രം സർവ്വീസ് സഹകരണബാങ്ക്-എഫ്.ഡി.നം-424/12.09.2016 | 523337 |
| ആകെ | 872224 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2013-14 | ഖണ്ഡിക 3-22 | 1417 | ശ്രീ. ജിപ്സൺ ജോസ്, അസിസ്റ്റന്റ് എഞ്ചിനീയർ | 11603100338/ 22.04.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 34073935 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 29461649 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 201978 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2013373 |

(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 119000 | ശ്രീ. വാവാക്കുട്ടൻ, വി.ഇ.ഒ. |
| 3-2 | | 9375 | ഡോ. ജെഫി സി. ജേക്കബ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| 3-3 | | 52800 | ഡോ.ജെഫി സി. ജേക്കബ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |

| | | | |
|---|---|---|---|
| 3-9(1) | | 4149 | ശ്രീമതി പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-9(2) | | 5976 | ശ്രീമതി പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | | 10678 | ശ്രീമതി പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | | 201978 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 5625 | ഡോ. ജെഫി.സി. ജേക്കബ്, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| 3-10 | 150000 | ശ്രീമതി. പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-11 | 356627 | ശ്രീമതി. പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-12 | 254000 | ശ്രീമതി. പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-13 | 156321 | ശ്രീമതി. പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-14 | 686098 | ശ്രീമതി. പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | 404702 | ശ്രീമതി. പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 2013373 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-12 | 26717 | ശ്രീമതി പ്രമീള.പി.പി, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.ജെഫി സി. ജേക്കബ്, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നെടുമ്പ്രം | ചക്കിട്ടയിൽ, മേപ്പാടം പി.ഓ.<br><br>മാന്നാർ, ആലപ്പുഴ |
| ശ്രീ.വാവാക്കുട്ടൻ, വി.ഇ.ഒ. | വി.ഇ.ഒ. നെടുമ്പ്രം ഗ്രാമപഞ്ചായത്ത് | കെ.എസ്.ഭവൻ, ആദിനാട് തെക്ക്, കാട്ടിൽ കടവ് പി.ഒ, കരുനാഗപ്പള്ളി-690542 |
| ശ്രീമതി പ്രമീള.പി.പി,<br><br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br><br>നെടുമ്പ്രം ഗ്രാമപഞ്ചായത്ത് | കൊച്ചുപറമ്പ് വീട്, മിത്രക്കരി.പി.ഒ. ആലപ്പുഴ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* |
|---|---|
| 1997-98 | എൽ.എഫ്.പി.റ്റി.എ/പി3-514/00 തീയതി:11.12.00 |
| 1998-99 | എൽ.എഫ്.പി.റ്റി.എ/പി3-38/02 തീയതി:13.05.03 |
| 1999-00 | എൽ.എഫ്.പി.റ്റി.എ/പി4-705/03 തീയതി:02.06.04 |
| 2000-01(ജ.ആ) | എൽ.എഫ്.പി.റ്റി.എ/പി3-486/03 തീയതി:13.10.03 |
| 2001-02 | എൽ.എഫ്.പി.റ്റി.എ/പി4-487/03 തീയതി:13.10.03 |
| 2002-03 | എൽ.എഫ്.പി.റ്റി.എ/പി4-21/05 തീയതി:25.07.05 |
| 2003-04 | എൽ.എഫ്.പി.റ്റി.എ/പി361/05 തീയതി:10.02.06/31.03.06 |
| 2004-05 | എൽ.എഫ്.പി.റ്റി.എ/പി5-484/07തീയതി:21.02.08 /29.0308 |
| 2005-06 | എൽ.എഫ്.പി.റ്റി.എ/പി6-254/11 തീയതി:04.10.11/01.02.12 |
| 2006-07 | എൽ.എഫ്.പി.റ്റി.എ/പി6-255/11 തീയതി:04.10.11/01.09.12 |
| 2007-08 മുതൽ 10-11വരെ | എൽ.എഫ്.പി.റ്റി.എ/പി-11-992/12 തീയതി:01.11.12/04.07.13 |
| 2011-12,1 2-13 | എൽ.എഫ്.പി.റ്റി.എ/പി-4-499/14 തീയതി:04.07.14/05.07.14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ/ പി/4/530/2015 തീയതി 25.06.2015 |
| 2014-15 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/ 732(എ)/2016 തീയതി 16.07.2016 |
| 2015-16 | നം.കെ.എസ്.എ.പി.റ്റി.എ.പി.4/1449/16 തീയതി 10.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

## Annexure – 1

## CERTIFICATE

No.KSAPTA-P4/905/17 Dated 16.08.2017

Certified that I have examined the Annual Financial Statement of Nedumpram Grama Panchayat in Pathanamthitta district for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines issued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nedumpram Grama Panchayat for the year 2016-17 except the observations in para 1-3 of my report properly presents the picture of income and expenditure.

Habeeb Mohammed

Deputy Director

Kerala State Audit Department

Pathanamthitta

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി.4/905/17 തീയതി 16.08.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെടുമ്പ്രം ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട